
ഇൻഡ്യൻ മിഷനറി



MARAM
R
75
BRARY
L R
K 95
Am.

ച്ച കടക്കച്ചിറ
ചട്ടണം.

Reference

Not to be taken Out

XVIII. 232
2214

✠

J. M. J. F.

ഇൻഡ്യൻ മിഷനറി.

B 603
3295



ഗ്രന്ഥകർത്താവു്

ഫാദർ ഫിലിപ്പു കുടക്കച്ചിറ, M. S. F. S.

വിശാഖപട്ടണം.





Printed at

JayaBharath Press, Ltd., Always.

DHARMARAM COLLEGE LIBRARY
Ac. No. 51250
Call No. AR / K 95
AR

Nihil Obstat:

Fr Aurelian, O. C. D.
Rector.

Ap. Seminary Alwaye,
1st March, 49.

Imprimatur.

+ Joseph Attipetty
Arch Bishop of Verapoly

Ernakulam
7th March, 1949.

പ്രസ്താവന.

ആശയസമ്പന്നനും ആദർശധീരനുമായിരുന്ന ആ പ്രഥമ കേരളീയ മിഷനറി, പരേതനായ ഫാദർ ഫിലിപ്പു കുടക്കച്ചിറ, "കത്തോലിക്കാ കുടുംബ"ത്തിലും "വേദപ്രചാരമഭ്യസ്ഥ"നിലുമായി "ഭാരതമിഷനേ"യും "ഗ്രാമങ്ങളിലേ മിഷനറിമാ"രേയും പറ്റി ചില ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. അവയെ ഈവിധം സംയോജിപ്പിച്ചപ്പോൾ ഈ ചെറുഗ്രന്ഥം രൂപമെടുത്തു. പുതിയരൂപത്തിനു ഒരു പുതിയ പേരും ആവശ്യമായി അതാണു് "ഇൻഡ്യൻ മിഷനറി"

സ്കൂൾ വിദ്യാർത്ഥിയായിരുന്നകാലത്തു ഫാദർ ഫിലിപ്പിന്റെ ലേഖനങ്ങളിലധികഭാഗവും ഞാൻ വായിച്ചിട്ടുണ്ടു്. മിഷൻ രംഗത്തേക്കു് എന്നെ നയിച്ച ദൈവപരിപാലനയുടെ അദൃശ്യകരങ്ങളെ പിഞ്ചെല്ലുന്നതിനു് അവയുടെ പാരായണം എന്നെ സഹായിച്ചിട്ടുണ്ടെന്നുള്ള വസ്തുത കൃതജ്ഞതയോടും സന്തോഷത്തോടും കൂടി ഈയവസരത്തിൽ അനുസ്മരിച്ചുകൊള്ളുന്നു. മാദ്ധ്യമങ്ങൾക്കു് ഇനിയും അവ പ്രചോദനം നല്കുമെന്നുള്ള പ്രതീക്ഷയാണു് പുസ്തകരൂപത്തിൽ പ്രസ്തുത ലേഖനങ്ങളെ സംയോജിപ്പിക്കുന്നതിനു് പ്രധാനമായി എന്നെ പ്രേരിപ്പിച്ചതു്

ഫാദർ ഫിലിപ്പിന്റെ ലേഖനങ്ങൾക്കു പുറമെ വിശാഖപട്ടണം രൂപതയുടെ കാലംചെയ്തമെത്രാൻ റൈറ്റു് റവ. ഡോക്ടർ പീറർ റോസിലോൺ തിരുമനസ്സിലേ ഒരു സംക്ഷിപ്തചരിത്രവും ഇതിൽ ചേർത്തിട്ടുണ്ടു്. കാരണം, ഫാദർ ഫിലിപ്പിനെ തന്റെ രൂപതയിൽ സ്വീകരിച്ചുകൊണ്ടു കേരളീയർക്കു മിഷൻ രംഗത്തേയ്ക്കു് ആദ്യമായി സ്വാഗതമരുളിയ മഹാശയനായ ആ വൈദികശ്രേഷ്ഠന്റെ പാവന സ്മരണക്കു്, പ്രഥമ കേരളീയ

മിഷനറിയുടെ ഏകകൃതിയായ ഈ ചെറുഗ്രന്ഥം സമർപ്പിച്ചതുത
ന്നെ.


സുന്ദരമായ ഒരവതാരികയാൽ ഈ ലഘു ഗ്രന്ഥത്തെ അ
ലങ്കരിച്ച മാന്നാനം സെൻറ് ഏഫ്രേംസ് ഹൈസ്കൂൾ ഹെഡ്
മാസ്റ്റർ റവ. ഫാദർ അവുറേലിയോസ് T. O. C. D; B. A. L. T.
അവർകളോടുള്ള കൃതജ്ഞത ആദ്യമായി പ്രകടിപ്പിച്ചുകൊള്ള
ട്ടെ. മിഷൻ രംഗത്തോടും ഇൻഡ്യൻ മിഷനറിമാരോടും പ്രത്യേ
കിച്ച ഫാദർ ഫിലിപ്പിനോടുമുള്ള സ്നേഹമാണ് "ഇൻഡ്യൻ മി
ഷനറി"ക്ക അവതാരികയെഴുതുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ച
തെന്ന് എനിക്ക നിശ്ചയമുണ്ട്. തൻെറ ചുറും സദാ പ്രേ
ഷിതചൈതന്യം പ്രസരിപ്പിച്ചുകൊണ്ടു വരിക്കുന്ന ബ. അവുറേ
ലിയൂസച്ചനെപ്പോലുള്ള ഒരു "ഹോമിഷനറി"യെങ്കിലും ഇന്ന
കേരളത്തിലേ ഓരോ കത്തോലിക്കാസ്കൂളുകളിലും കോളേജുകളി
ലും ഉണ്ടായിരുന്നുവെങ്കിൽ!!

ഇതിൻെറ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ചിട്ട
ള്ള ഏവർക്കും എൻെറ ഹൃദയനിർഭരമായ നന്ദി.

അപ്പസ്തോലിക്ക് സെമിനാരി,
മംഗലപ്പുഴ, ആലുവാ.
17—3—1949.

എസ്സ്. ജെ. കുഴിപ്പിൽ.

സമർപ്പണം.




നിതാന്ത


വന്ദ്യദിവ്യ ശ്രീ

ഡോക്ടർ പീറർ റോസിലോൺ

തിരുമനസ്സിലെ


പാവന സ്മരണയ്ക്ക്.





കാലംചെയ്ത

വിശാഖപട്ടണംശ്ലൂപതാദ്ധ്യക്ഷൻ.



നി. വ. ദി. പീറർ റോസിലോൺ

M. S. F. S; D. D.

തിരുമനസ്സുകൊണ്ട്.

ജനനം	1875	ഇൻഡ്യയിൽ	1893
നവവൈദികൻ	1898	മെത്രാൻ	1919

മരണം 22—iii—1947.

റോസിലോൺ മെത്രാനച്ചൻ.

മംഗലപ്പുഴ സെമ്മിനാരിയിൽനിന്നും മദ്ധ്യവേനലവധിപ്രമാണിച്ചു ഞങ്ങൾ വിശാഖപട്ടണത്തെത്തിയതേയുള്ളൂ. വന്ദ്യപിതാവിനെ സന്ദർശിക്കുക എന്നതായിരുന്നു ഞങ്ങളുടെ പ്രഥമപരിപാടി. മെത്രാസനമന്ദിരത്തിലെത്തിയയുടനെ ഞങ്ങൾ കേട്ടു, ബിഷപ്പ് റോസിലോൺ സുഖമില്ലാതെ കിടക്കുകയാണെന്നു്; അന്നു ദിവ്യബലിയർപ്പിച്ചില്ലെന്നു്. പക്ഷെ, സാരമില്ലെന്നും സാധാരണ ഉണ്ടാകാറുള്ള അസ്വസ്ഥതകൾമാത്രമേയുള്ളുവെന്നു രോഗവിവരം ധരിപ്പിച്ചയാൾ പറയാതിരുന്നില്ല. അദ്ദേഹത്തിന്റെ മുറിയോടു ഞങ്ങൾ സമീപിച്ചു, കതകിന്മേൽ മുട്ടി. ''അകത്തു വരിക'' ഒരു ദീനശബ്ദം ഞങ്ങളുടെ ശ്രവണപുടങ്ങളിൽപതിഞ്ഞു. ഞങ്ങൾ മുറിയിൽ പ്രവേശിച്ചു. ഞങ്ങളുടെ വന്ദ്യതാതൻ, ബിഷപ്പ് റോസിലോൺ, പ്രസിദ്ധനായ ആഫ്രോഹിതശ്രേഷ്ഠൻ, പുണ്യചരിതൻ, മഹാമിഷനറി ഇതാ ഏകനായി കട്ടിലിലിരിക്കുന്നു; ശ്വാസോച്ഛ്വാസം ചെയ്യുന്നതിനുപോലും പ്രയാസമുണ്ടു്. പതിവുപോലെ ആ പാവന കരങ്ങൾ നീട്ടിത്തന്നില്ല. ഞങ്ങളെ ഓരോരുത്തരേയും അദ്ദേഹം അല്പനേരം സൂക്ഷിച്ചുനോക്കി ''എനിക്കു സുഖമില്ല'' എന്നുപറഞ്ഞതും കിടക്കയിലേക്കുമറിഞ്ഞതും ഒന്നിച്ചു കഴിഞ്ഞു. അദ്ദേഹത്തിനു എന്തുമാത്രം അസ്വസ്ഥതയുണ്ടെന്നു് ആ ഇരുപദങ്ങൾ ഉച്ചരിച്ചവിധം വേണ്ടുവോളം വെളിപ്പെടുത്തി. പിന്നെ അദ്ദേഹം ഒന്നും സംസാരിച്ചില്ല. കരമുയർത്തി, ഞങ്ങളെ ആശീർവ്വദിക്കാനെന്നോണം. ഞങ്ങൾ ആ പാവനപാണി സ്നേഹപൂർവ്വം ചുംബിച്ചു. നിറഞ്ഞകണ്ണുകളോടും തകർന്ന ഹൃദയത്തോടും കൂടി അവിടെനിന്നും ഞങ്ങളുടെ വസതിയായ കത്തീഡ്രൽ ദൈവാലയത്തിലേയ്ക്കു ഞങ്ങൾ മടങ്ങി.

അടുത്ത ദിവസം അതിരാവിലെ അപ്രതീക്ഷിതമായ ആ ദുഃഖ വാർത്ത, ''ബിഷപ്പ് റോസിലോൺ കഴിഞ്ഞ രാത്രിയിൽ ദിവംഗതനായി, ശവസംസ്കാരം ഇന്നച്ചകഴിഞ്ഞു് അഞ്ചുമണിക്കു്.'' ഞങ്ങൾ ഞെട്ടിപ്പോയി. എന്തു്? ബിഷപ്പ് റോസി

ലോൺമരിച്ചുപോയെന്നോ? ആ വാർത്തയിൽ ഞങ്ങൾക്കു വിശ്വാസമുണ്ടായില്ല. ഞങ്ങൾ അദ്ദേഹത്തെ സന്ദർശിച്ചിട്ട് ഇനിയും നേരത്തോടനേരമായിട്ടില്ല. അതു ഞങ്ങളുടെ ആദ്യ സന്ദർശനമായിരുന്നുവെന്നോ? ഒരുപക്ഷെ വൈദികന്മാരുടെ ദുർലഭ്യം അതിദാരുണമായി അനുഭവിച്ചിരുന്ന ആ വത്സലതാതൻ, തന്റെ ശ്രപതയിലേ ഭാവി പുരോഹിതന്മാരായ ഞങ്ങളെ ഒരു നോക്കുകൂടി കാണാനതിനല്ലേ—തന്റെ പൈതൃകാനിസ്സു് ഇരുകുഞ്ഞു മക്കൾക്കു നല്കുന്നതിനുവേണ്ടിയല്ലേ—അത്രയും നേരം കാത്തിരുന്നതു്? ഞങ്ങളുടെ ആ സന്ദർശനത്തെപ്പറ്റിക്കേട്ട ശക്തനായ ഒരു വയോധികൻ ഇപ്രകാരം ലേഖിതാവിനോടു പറയുകയുണ്ടായി: "അല്പനേരം നിങ്ങളെ സൂക്ഷിച്ചു വീക്ഷിച്ചശേഷം അദ്ദേഹം കിടക്കയിലേക്കുമറിഞ്ഞു. തന്റെ വത്സല ശ്രപതയെപ്പറ്റി സദാ ചിന്തിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിനു്, അതിന്റെ ഭാവി കരുപ്പിടിപ്പിക്കേണ്ട നിങ്ങളെക്കണ്ടപ്പോൾ ആശ്വാസമായി. 'കർത്താവെ, ഇനി അങ്ങേ ദാസനെ സമാധാനത്തിൽ വിടയ്ക്കേണമെ, എന്നു പാടിക്കൊണ്ടായിരിക്കണം അദ്ദേഹം കിടക്കയിലേയ്ക്കുവീണതു്"

ആനസി. ഫ്രാൻസിലെപ്രധാനനഗരങ്ങളിലൊന്നാണതു്. സാവോയിയുടെ തലസ്ഥാനവും. പ്രകൃതിസൗകുമാര്യത്തിലും കത്തോലിക്കാ ചൈതന്യത്തിലും അവിടുള്ള സ്ഥാനം അസൂയാർഹമത്രെ. വി. "ഫ്രാൻസീസ് സാലസിന്റെ നഗരം" അതാണ് ആനസിയുടെ അപരനാമം. പ്രേഷിതവര്യനും വേദപാരംഗതനുമായ ആ വിശ്രുതവിശുദ്ധന്റെ ജന്മദേശവും വാസസ്ഥാനവുമായിരുന്നതുകൊണ്ടു്മാത്രമല്ല, സലേഷ്യൻ ചൈതന്യത്തെ ലോകമെങ്ങും പ്രസരിപ്പിക്കുന്ന സന്ന്യാസസഭകളുടെ ആസ്ഥാനവുമായതുകൊണ്ടുകൂടിയാണ് അങ്ങനെയൊരപരനാമത്തിനതു് അർഹമായതു്. സാവോയിയാണ് ബിഷപ്പു് റോസിലോന്റെ ജന്മനാടു്. കുലീനരും കുബേരരും ഉത്തമകത്തോലിക്കരുമായ മാതാപിതാക്കന്മാർ, അവരിൽനിന്നു ലഭിച്ച വിദഗ്ദ്ധമായ ശിക്ഷണത്തിന്റെ ഫലമായി നന്നാ ചെറുപ്പത്തിൽത്തന്നെ പ്രേഷിതചൈതന്യം അദ്ദേഹത്തിൽ മുളയെടുത്തു.

താമസവിനാ അദ്ദേഹം ആനസിയിൽ സ്ഥാപിതമായ വി ഫ്രാൻസീസ് സാലസിന്റെ മിഷനറി സഭയിൽച്ചേന്നു. ഇൻഡ്യയിൽ വിശാഖപട്ടണം പ്രവിശ്യയും നാഗപ്പൂർ പ്രവിശ്യയും നടത്തുന്നതു് ഈ സഭക്കാരാണു്. തന്റെ 18-ാമത്തെ വയസ്സിൽ ഒരു—വൈദിക വിദ്യാർത്ഥിയായിരിക്കുമ്പോൾത്തന്നെ—പീറ്റർ റോസിലോൺ ഇഷ്ട ജനങ്ങളോടും ജന്മനാടിനോടും യാത്രപറഞ്ഞു് ഇൻഡ്യയിലേക്കു കപ്പൽ കയറി. 1893-ലാണു് അദ്ദേഹം വിശാഖപട്ടണത്തെത്തിയതു്.

ഇന്നു കട്ടാക്കു പ്രവിശ്യയിലുൾപ്പെട്ടുന്ന ഗോപാൽപുരത്തു് അന്നു വിശാഖപട്ടണം പ്രവിശ്യക്കു ഒരു സെമിനാരിയുണ്ടായിരുന്നു. വൈദികപഠനം പൂർത്തിയാക്കുവാൻ ബ്രദർ പീറ്റർ റോസിലോൺ അങ്ങോട്ടയക്കപ്പെട്ടു. ദൈവശാസ്ത്രപഠനത്തിനുപുറമെ, ഭാരതത്തിന്റെ മതാത്മകവും സാമുദായികവുമായ സ്ഥിതിഗതികളേയും ഏതു ജനങ്ങളുടെഇടയിൽ താൻ ജോലിചെയ്യുവാനിരുന്നുവോ അവരുടെ ദേശഭാഷകളും, ആചാരോപചാരങ്ങളും, ആരാധനാസമ്പ്രദായങ്ങളും ആദിയായവയേയും പഠിച്ചു പ്രത്യേകവിധം പഠിക്കുന്നതിനും അധിഷ്ണാശാലി സമയം കണ്ടെത്തി. വിശാഖപട്ടണംപ്രവിശ്യയിലേ മിഷൻ പ്രവർത്തനങ്ങളിലധികഭാഗവും അന്നു് കട്ടാക്കു പ്രവിശ്യയിലായിരുന്നു. തന്മൂലം വൈദികവിദ്യാർത്ഥികളെല്ലാവരും അവിടത്തെ ഭാഷയായ 'ഒറിയാ' പഠിക്കുന്നതിനാണു് കൂടുതൽ ശ്രദ്ധചെലുത്തിയിരുന്നതു്. ബ്രദർ റോസിലോൺ ഇക്കാര്യത്തിൽ സതീർത്ഥ്യന്മാരെ അനുകരിച്ചില്ല. ഒറിയാ ഭാഷയിൽ സാമാന്യജ്ഞാനം നേടിയതിനു ശേഷം തെലുങ്കു ഭാഷ പരിപൂർണ്ണമായി വശമാക്കാൻ ശ്രമിച്ചു. ഒറിയാഭാഷാ സംസാരിക്കുന്നകട്ടാക്കു പ്രവിശ്യയെ വേർതിരിച്ചു്, ആന്ധ്രദേശപരിധിയിലൊതുങ്ങിനില്ക്കുന്ന ഇന്നത്തെ വിശാഖ പട്ടണം പ്രവിശ്യയെ നിർമ്മിക്കുവാനിരുന്ന ബ്രദർ റോസിലോൺ അങ്ങനെ ചെയ്തതിൽ ദൈവതുക്കരങ്ങളുടെ ഒരു പ്രത്യേക പ്രവർത്തനമായിരിക്കുമോ

നാം ദർശിക്കുന്നതു്?

1898-ൽ മ്ശീഹായുടെ നിത്യപുരോഹിതനായിത്തീർന്ന ബ്രദർ റോസിലോൺ. വാഡ്ഡെയർ റെയിൽവേസ്റ്റേഷനടുത്തുള്ള 'ജ്ഞാനപുരം' ഗ്രാമത്തിലേയ്ക്കാണു് നമ്മുടെ നവ വൈദികൻ ആദ്യമായി നിയമിതനായതു്. പത്തുകൊല്ലത്തെ അദ്ദേഹത്തിന്റെ അക്ഷീണ പരിശ്രമങ്ങളുടെ ഫലമായി സവട്ടിസ്റ്റ് ഹിന്ദുക്കളുടെ ആ ഗ്രാമം ഒരു സമ്പൂർണ്ണ കത്തോലിക്കാ കേന്ദ്രമായിത്തീർന്നു. ഇന്നു് അതു് ഇൻഡ്യൻ മിഷനിലെ ഒന്നാമത്തെ കത്തോലിക്കാ ഗ്രാമമായി വിലസുന്നു. രണ്ടായിരത്തിൽപരമുണ്ടു് അവിടെ കത്തോലിക്കർ.

'കൊത്തവലസ'യായിരുന്ന അദ്ദേഹത്തിന്റെ അടുത്ത പ്രവർത്തനരംഗം. അവിടെയുണ്ടായിരുന്ന നാമമാത്രക്രിസ്ത്യാനികളെ സജീവ കത്തോലിക്കരാക്കുവാനാണു് അദ്ദേഹത്തിന്റെ ശ്രദ്ധ അദ്യമായിപ്പതിഞ്ഞതു്. കരുണാമസൃണമായ പെരുമാറ്റത്താലും ഭക്തിപരമായ പ്രസംഗങ്ങളാലും അദ്ദേഹം അവിടേയും വിജയിയായി. മാത്രമല്ല സമീപസ്ഥിതങ്ങളായ ഗ്രാമങ്ങളിൽകൂടി ക്രിശ്ചിതനായ ക്രിസ്തുവിനെ അദ്ദേഹം പ്രസംഗിച്ചു. അവയിൽ ചിലതിലെല്ലാം രക്ഷയുടെ പതാക ഉയർത്തുന്നതിനു് അദ്ദേഹത്തിനു സാധിക്കുകയുംചെയ്തു. ഇന്നു കൊത്തവലസ ആന്ധ്രദേശത്തെ സുപ്രസിദ്ധമായ ഒരു തീർത്ഥാടനകേന്ദ്രമാണു്. ജാതിമതഭേദമെന്യേ വ്യാകുലജനനിയുടെ തിരുനാൾ മഹോത്സവത്തിനു ജനങ്ങൾ അവിടെ ആണ്ടുതോറും തടിച്ചുകൂടുന്നു.

കഠിനാദ്ധ്വാനങ്ങളുടെ ഫലമായി ഫാദർ റോസിലോൺ രോഗിയായിത്തീർന്നു. നഷ്ടപ്പെട്ട തന്റെ ആരോഗ്യത്തെ വീണ്ടെടുക്കുവാൻ അദ്ദേഹം യൂറോപ്പിലേക്കു മടങ്ങണമെന്നതന്നെ അധികാരികൾ നിശ്ചയിച്ചു. 1913-ൽ അദ്ദേഹം സ്വദേശത്തേയ്ക്കു കപ്പൽ കയറി. അവിടേ ചില ശസ്ത്രക്രിയകൾക്കും അദ്ദേഹം വിധേയനായി. 1914-ൽ പ്രഥമമഹായുദ്ധം പൊട്ടിപുറപ്പെട്ട. അപ്പോഴും ഫാദർ റോസിലോൺ ഫ്രാൻസിൽതന്നെയായിരുന്നു.

അനാരോഗ്യനാകയാൽ യുദ്ധസേവനങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ടെങ്കിലും യുദ്ധകാലമത്രയും അവിടെ കഴിച്ചുകൂട്ടേണ്ടിവന്നു. തദവസരത്തിലാണ് വിശാഖപട്ടണം രൂപതയുടെ സഹായമെത്രാനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. 1919-ൽ സപ്രധാനമായ ആനസിയിൽവച്ച് അദ്ദേഹം അഭിഷിക്തനാവുകയുംചെയ്തു.

ആ ഭരണധുരന്ധരന്റെ-ബിഷപ്പ് റോസിലോന്റെ-കഴിഞ്ഞ 28 കൊല്ലത്തെ അവിശ്രമപരിശ്രമങ്ങളുടെ ഫലമാണ് വിശാഖപട്ടണം രൂപതയ്ക്ക് ഇന്നുള്ള ഭംഗിയും പെരുമയും. സരസമായ അദ്ദേഹത്തിന്റെ തൂലിക വിശാഖപട്ടണത്തെ യൂറോപ്യന്മാർക്കും അമേരിക്കക്കും സുപരിചിതമാക്കിതീർത്തു. മാത്രമല്ല, യൂറോപ്പിലും അമേരിക്കയിലും സുദീർഘപര്യടനങ്ങൾ നടത്തി രൂപതയിലേ സാമന്തികസ്ഥിതിയെ താല്ക്കാലികമായിട്ടെങ്കിലും കുറഞ്ഞൊന്നു പരിഹരിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു. തൽഫലമായി ദൈവാലയങ്ങൾ, വൈദികമന്ദിരങ്ങൾ, സ്കൂളുകൾ തുടങ്ങിയവ എല്ലാ പ്രധാന മിഷൻ കേന്ദ്രങ്ങളിലും സ്ഥാപിതങ്ങളായി. പുതിയ പുതിയ മിഷൻ കേന്ദ്രങ്ങൾ തുറക്കപ്പെട്ടു. അവയിലെല്ലാം ക്രൈസ്തവരുടെ സംഖ്യ പ്രതിവർഷം വർദ്ധമാനമായിക്കൊണ്ടിരിക്കുന്നു. മഹാമിഷനറിയായ റോസിലോൺ മെത്രാനച്ചന്റെ പ്രവർത്തനങ്ങളെയെല്ലാം വിവരിക്കുക സാദ്ധ്യമല്ല. അദ്ദേഹം വിശാഖപട്ടണം രൂപതയുടെ ഭരണഭാരം കൈയ്യേറ്റപ്പോൾ അദ്ദേഹത്തിന്റെ അജഗണങ്ങളുടെ സംഖ്യ 8000-ൽ താഴെ മാത്രമായിരുന്നു. കത്തോലിക്കർ അധികമുണ്ടായിരുന്ന രൂപതയുടെ കിഴക്കുവടക്കേഭാഗം കട്ടാക്ക-രൂപതയായി വെട്ടിത്തിരിച്ച് 1928-ൽ സ്പെയിൻകാരായ ലാസറിസ്റ്റ് മിഷനറിമാക്ക് വിട്ടുകൊടുത്തെങ്കിലും അദ്ദേഹത്തിന്റെ മരണവേളയിൽ വിശാഖപട്ടണം രൂപതയിൽ 28000-ൽ പരം കത്തോലിക്കരാണുണ്ടായിരുന്നത്. ഇതു വന്ദ്യനായ റോസിലോൺ മെത്രാനച്ചൻ തിരുമനസ്സിലേ ഉൽകൃഷ്ട സേവനങ്ങളുടെ വിജയസ്തംഭവും നിത്യസമ്മാനത്തിനുള്ള സുനിശ്ചി

തമായ കൈച്ചീട്ടമാണെന്നുള്ളതിൽ തെല്ലും സംശയമില്ലല്ലോ.

പരമസാത്വികൻ, അഗാധപണ്ഡിതൻ, പ്രതിഭാശാലിയായ സാഹിത്യകാരൻ, ഫലിതസമ്രാട്ട്, സുപ്രസിദ്ധവാഗ്മി ഇവയെല്ലാമായിരുന്ന ബിഷപ്പ് റോബിലോൺ. അദ്ദേഹത്തിന്റെ വ്യക്തിവിലാസത്തെപ്പറ്റി യാതൊന്നും തന്നെ പറയണമെന്നുദ്ദേശിക്കുന്നില്ല. പല തുറകളിലും വീരമുക്കേർഹനായിരുന്ന അദ്ദേഹം. പക്ഷെ, ആർഭാടരഹിതമായി ജീവിച്ച ആ വിനയമനസ്കൻ ഒരു കാര്യത്തിൽ മാത്രമെ അഭിമാനംകൊണ്ടിരുന്നുള്ളൂ; ഒരു മിഷനറി ആയിരുന്നതിലും, ആയിരിക്കുന്നതിലും. 1937-ൽ മദ്രാസിൽ വച്ച് നടത്തപ്പെട്ട ദിവ്യകാരുണ്യ കോൺഗ്രസിൽ ഡോക്ടർ പീറർ റോസിലോൺ തിരുമേനിയെ "മിഷനറി മെത്രാൻ" എന്നു വിളിക്കുന്നതിനാണ് മറ്റുള്ളവർ ഇഷ്ടപ്പെട്ടതു്. അദ്ദേഹം വിലമതിച്ചിട്ടുള്ള ഏക സ്ഥാനപ്പേരാണതു്. പരിചയസമ്പന്നനായ ഈ മിഷനറിമെത്രാന്റെ ഉപദേശം മിഷനറിമാർ സദാ ഓർമ്മയിൽവച്ച് പ്രവർത്തിക്കേണ്ടതാണ്. 'ഇൻഡ്യാക്കാരെ മാനസാന്തരപ്പെടുത്തുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അവരെ സ്നേഹിക്കുക. അവർ ആരുമായിക്കൊള്ളട്ടെ, അവരെയെല്ലാം സ്നേഹിക്കുക.

വിശ്വവിശ്രുതനും മഹാശയനുമായിരുന്ന ആ മിഷനറിയോടു് — കാലംചെയ്ത പീറർ റോസിലോൺ മെത്രാനച്ചനോടു് — വിശ്വമായും കേരളീയ കത്തോലിക്കർ ഒരു പ്രത്യേക കടമയുണ്ടു്. കേരളക്കരയേയും കേരളീയരേയും കുറിച്ചു് അദ്ദേഹത്തിനു് വലിയ മതിപ്പായിരുന്നു. ശ്ലൈഹികാരംഭം കൈയ്യേറ്റയുടനെ ദേശീയ വൈദികന്മാർ തന്റെ ശ്രുതയിലുണ്ടായിക്കാണുന്നതിനുള്ള പരിശ്രമങ്ങളിലേയ്ക്കാണ് അദ്ദേഹത്തിന്റെ ദീർഘദൃഷ്ടി ആദ്യമായി പ്രതിഫലിച്ചതു്. എന്നാൽ പൗരസ്ത്യാനികം മാത്രമുള്ള തന്റെ ശ്രുതയിൽനിന്നു വൈദികവിദ്യാർത്ഥികളെ ലഭിക്കുക അത്ര എളുപ്പമല്ലെന്ന അദ്ദേഹത്തിനറിയാമായിരുന്നു. തന്മൂലം കേരളത്തിലെ പുരാതന ക്രിസ്ത്യാനികളെപ്പറ്റി ഗ്രഹിച്ചിരുന്ന അദ്ദേഹം ഉടനെ കേരളത്തിലേയ്ക്കു തിരിഞ്ഞു. അപ്പസ്തോലപാരമ്പര്യത്തിലഭി

മാനംകൊള്ളുന്ന കേരളീയ കത്തോലിക്കർ അതുവരെ മാനസാന്തരവേലയ്ക്കായി പുറത്തുപോയിരുന്നില്ല. അവരെ സ്വീകരിക്കുവാൻ അന്നത്തെ മിഷനധികാരികൾപോലും സന്നദ്ധരായിരുന്നുവോ എന്നതും സംശയാസ്പദമാണ്. കേരളീയർക്ക് ആദ്യമായി മിഷൻ രംഗത്തിലേക്ക് സാദരമതമുളിയതു് മഹാശയനായ റോസിലോൺ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടത്രെ. അങ്ങനെ, കേരളീയരെ ഇടംപ്രഥമമായി തന്റെ കൃപയിൽ സ്വീകരിച്ച് അവരുടെ പ്രവർത്തനതൽപരതയ്ക്കും ത്യാഗസന്നദ്ധതയ്ക്കും സർവോപരി പ്രേഷിതചൈതന്യത്തിനും ഉത്തേജനം നൽകുകയും ഭാരതത്തിലെ ഇതര കൃപാഭൂക്ഷണമാക്കും മിഷനധികാരികൾപോലും ഇക്കാര്യത്തിൽ മാതൃക കാണിച്ചുകൊടുക്കുകയും ചെയ്ത വന്ദ്യനായ റോസിലോൺ തിരുമേനി കേരളീയരുടെ ഇടയിൽ ചിരസ്മരണാർഹനത്രെ. ഇങ്ങനെ നോക്കുമ്പോൾ കേരളീയ കത്തോലിക്കരിൽ ഇന്നു കാണുന്ന പ്രേഷിത ചൈതന്യത്തിനു് ഹേതുഭൂതരായവരിൽ ഗണ്യമായ സ്ഥാനം റോസിലോൺ മെത്രാനച്ചനുണ്ടെന്നു് കാണാവുന്നതാണു്.

1927-ൽ കേരളത്തിൽനിന്നും ആദ്യമായി ഫാദർ ഫിലിപ്പ് കൂടക്കച്ചിറ വിശാഖപട്ടണം മിഷനിൽ ചേർന്നു. അന്നുമുതൽ വിശാഖപട്ടണം മിഷനിലേക്കു് കേരളത്തിൽനിന്നുള്ള പ്രേഷിത പ്രവാഹം ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഇന്നു് നൂറോളം കേരളസന്താനങ്ങൾ വിശാഖപട്ടണം കൃപതയിലുണ്ടു്. തന്മൂലമാണു് "ഇതുവളരെ കേരളീയ മിഷനറിമാരുടെ പ്രവൃത്തിരംഗമായ വിശാഖപട്ടണം മിഷൻ അക്കാരണത്താൽത്തന്നെ കേരളത്തിന്റെ ഒരു തുടർച്ചയായി ഗണിക്കപ്പെടാം." എന്നും വി. തോമ്മാശ്ലീഹായുടെ ക്രിസ്ത്യാനികളിൽനിന്നും ദൈവവിളിയുള്ളവരെ ലഭിക്കുവാനിടയായതു് ഈ മിഷനെ സംബന്ധിച്ചിടത്തോളം ദൈവപരിപാലനയുടെ ഒരു പ്രത്യേകാനുഗ്രഹമായിരുന്നു. വൈദികന്മാർ ഏറ്റവും ആവശ്യമായിരുന്ന അവസരത്തിലെ അവരുടെ ആഗമനംമൂലം കേരളീയ മിഷനറിമാർ വിശാഖപട്ടണം മിഷനെ രക്ഷിച്ചുവെന്നു് അതിശയോക്തി കൂടാതെ പറയാവുന്നതാണു്, എന്നും ബിഷപ്പ് റോസിലോൺ തിരുമനസ്സുകൊണ്ടു

പ്രസ്താവിച്ചതു്. ഈ ശ്രമത്തിൽ ആണ്ടുതോറും നടക്കുന്ന മാനസാന്തരങ്ങളിൽ പ്രകൃതിയോടും കേരളീയ മിഷനറിമാരുടെ പരിശ്രമ ഫലമായിട്ടെന്നറിയുന്നതിൽ നമുക്കു സന്തോഷമുണ്ടു്. ദൈവത്തിനേയും അവരുടെ നാടിനേയും മഹത്വം വർദ്ധിപ്പിച്ചിരുന്ന വൈദികന്മാരെയും കന്യാസ്ത്രീകളേയും ദൂരസഹോദരന്മാരേയും ലഭിക്കുന്നതിനു് മേലിലും നാം കത്തോലിക്കാ കേരളത്തെ ആശ്രയിക്കുന്നു." എന്നിങ്ങനെയുള്ള പ്രസ്താവനകളാൽ കേരള മിഷനറിമാരോടു തനിക്കുണ്ടായിരുന്ന മതിപ്പു് ആ മഹാമനസ്കൻ പരസ്യമായി പ്രകടിപ്പിച്ചിട്ടുണ്ടു്. "കേരളത്തിലെ കന്യകാമഠങ്ങളിൽ നിന്നും സ്കൂളുകളിൽനിന്നും കൂടുതൽ പ്രാർത്ഥനാസഹായം ലഭിക്കുന്നതിനു് സവ്വ കഴിവുകളും ചെയ്യുവിൻ" എന്നു് കേരളീയ മിഷനറിമാരെ കണ്ടുമുട്ടുന്ന ഓരോ അവസരത്തിലും അദ്ദേഹം അവരോടുപദേശിച്ചിരുന്നു.

ബിഷപ്പു് റോസിലോൺ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു പോയി. പക്ഷെ, അദ്ദേഹത്തിനുണ്ടായിരുന്ന ഒരു ശ്രേഷ്ഠപ്രതീക്ഷ, നമ്മിൽനിന്നു്, കേരളീയ കത്തോലിക്കരിൽനിന്നു്. അതു ഇനിയും പൂർത്തിയായിട്ടില്ല. ആ മഹാമിഷനറിയുടെ കാലടികളെ അനുധാവനം ചെയ്യുന്ന അദ്ദേഹത്തിന്റെ പിൻഗാമി ഇന്നത്തെ വിശാഖപട്ടണം ശ്രേഷ്ഠാദ്ധ്യക്ഷൻ ഡോക്ടർ ജോസഫ് ബോതിരുമനസ്സുകൊണ്ടു പറയുന്നു, 'വിശാഖപട്ടണം മിഷന്റെ മാനസാന്തരം കേരളീയ മിഷനറിമാരാൽ സാധിക്കുമെന്നാണു് നമ്മുടെ വിശ്വാസം.' ഈ മഹാശയന്മാരുടെ പ്രതീക്ഷകൾ അസ്ഥാനത്തല്ലെന്നു നമുക്കു് തെളിയിക്കാം. എങ്കിൽമാത്രമേ കേരളീയ കത്തോലിക്കർക്കു് തങ്ങളുടെ കടമയിൽ ഒരു ഭാഗമെങ്കിലും നിവ്വഹിച്ചുവെന്നു സമാധാനിക്കുവാൻ സാധിക്കുകയുള്ളൂ.



അവതാരിക.

കുറെക്കൊല്ലങ്ങളായി നമ്മുടെയിടയിൽ മിഷൻ ചൈതന്യം ക്രമേണ വർദ്ധമാനമായിക്കൊണ്ടിരിക്കുന്നുവെന്നു കാണുന്നതു സന്തോഷാവഹംതന്നെ. എന്നാൽ ഇന്നും അതുവേണ്ടത്ര അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. ഏതാനും പേർ അവിടവിടെയായി മിഷനു ചിലചില്ലറ സഹായങ്ങളെല്ലാം തുടച്ചയായി ചെയ്തുകൊണ്ടിരിക്കുന്നുവെന്നു വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ മഹാ ഭൂരിപക്ഷവും ആണ്ടിലൊരിക്കൽ, വേദപ്രചാര ഞായറാഴ്ച, ദാനംചെയ്യുന്ന ഒരു ചെറിയ തുകകൊണ്ടു് ഇതു സംബന്ധിച്ചു തങ്ങൾക്കുള്ള ചുമതല മുഴുവൻ നിവൃഹിച്ചതായിക്കരുതി ചാരിതാർത്ഥ്യമടയുന്നു. ഇങ്ങനെ ചെയ്യുന്നതു സന്മനസ്സിന്റെ കുറവുകൊണ്ടല്ല. പ്രത്യുത, ദൈവരാജ്യം വിസ്തീർണ്ണമാക്കുവാൻ തങ്ങളുടെ നിരന്തരമായ സഹകരണം എത്രമാത്രം അത്യന്താപേക്ഷിതമാണെന്നു് അവർ വേണ്ടവണ്ണം ഗ്രഹിച്ചിട്ടില്ലാത്തതുകൊണ്ടുമാത്രമാകുന്നു. ഈ ന്യൂനത നിർല്ലേഷം പരിഹരിക്കുന്നതിനു പര്യാപ്തമായ ഒരു ലഘു ഗ്രന്ഥമാണു് "ഇൻഡ്യൻ മിഷനറി".

അതിന്റെ രചയിതാവു് "പ്രേഷിതതാരം" എന്ന പുസ്തകം വഴിയായി കേരളീയർക്കു് ഇതിനകം സുപരിചിതനായിട്ടുള്ള കുടക്കച്ചിറ ബ. ഫിലിപ്പച്ചനാണെന്നു പറയുമ്പോൾത്തന്നെ അതിന്റെ മാഹാത്മ്യം ഏറെക്കുറെ ഊഹിക്കാം. കേരളത്തിൽ നിന്നു് ഇടംപ്രഥമമായി വിശാഖപട്ടണം ശ്രുപതയിലേ സലേഷ്യൻ മിഷനറിസഭയിൽച്ചേർന്നു ജീവിതവിശുദ്ധിയിലും സജീവമായ മിഷൻ പ്രവർത്തനങ്ങളിലും ഏറ്റവും ഉത്തമ മാതൃകയായി പ്രശോഭിച്ചിരുന്ന അദ്ദേഹം സ്വാനുഭവങ്ങളെ ആസ്പദമാക്കി കേരളത്തിലുള്ള തന്റെ സഹോദരങ്ങളുടെ അറിവിലേയ്ക്കായി

അപ്പോഴപ്പോൾ ചില മാസികകളിൽ പ്രസിദ്ധംചെയ്തിട്ടുള്ള ഏതാനും ലേഖനങ്ങളുടെ സമാഹാരമാണു് ഈ ലഘു ഗ്രന്ഥം.

ഇൻഡ്യൻ മിഷനറിമാരുടെ പ്രവർത്തനരംഗങ്ങളേയും അവർ ചെയ്യേണ്ട വിവിധ ജോലികളേയും അവർ സഹിക്കേണ്ട നിരവധിക്ലേശങ്ങളേയും ഉപദേശികളും കന്യാസ്ത്രീകളും ചെയ്യുന്ന വലിയ സേവനങ്ങളേയും മറ്റും കുറിച്ചു ചുരുക്കമായിട്ടെങ്കിലും വളരെ വ്യക്തമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ടു്. മിഷനറിക്കു തന്റെ ഭാരമേറിയ കുരിശു വഹിക്കുന്നതിനും നാരകീയ ശത്രുക്കളോടു സുധീരം പോരാടി വിജയം കൈവരിക്കുന്നതിനും അവിശ്വാസികളുടെ ഹൃദയത്തെ സ്പർശിച്ചു മാനസാന്തരപ്പെടുത്തുന്നതിനും നിരന്തരമായ പ്രാർത്ഥനയും തപസ്സും എത്രകണ്ടാവശ്യമാണെന്നു ഈ പുസ്തകം ഒരാവൃത്തി വായിച്ചാൽ മനസ്സിലാക്കാവുന്നതാണു്. അപ്രകാരംതന്നെ നാം മിഷൻരംഗങ്ങളിലേയ്ക്കു് അയച്ചുകൊടുക്കുന്ന ഒരോ കൊച്ചുകാശും എത്ര നല്ല കാര്യങ്ങൾക്കായിട്ടാണു് ചെലവഴിക്കുന്നതെന്നും പണത്തിന്റെ അഭാവത്തിൽ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി എങ്ങനെ തടയപ്പെട്ടുപോകുന്നുവെന്നും 'ഇൻഡ്യൻ മിഷനറി'യിൽനിന്നു നമുക്കു ഗ്രഹിക്കാം. തങ്ങളുടെ അയൽ ഗ്രാമക്കാർക്കു ക്രിസ്തുമത സ്വീകരണത്താൽ ലഭിച്ചിട്ടുള്ള അനവധി നന്മകളെ ദർശിച്ചുകൊണ്ടു തങ്ങൾക്കും ക്രിസ്ത്യാനികളായാൽ കൊള്ളാമെന്നു ആഗ്രഹിച്ചു വരുന്ന അനേകം ഗ്രാമക്കാരെ ജോലിചെയ്യുവാനുള്ള ആളുകളുടെയും ചെലവുചെയ്യുവാനുള്ള അർത്ഥത്തിന്റേയും അഭാവത്താൽ ഭഗ്നാശയരായി തിരികെ പറഞ്ഞയക്കേണ്ടിവരുന്നതാണു് ഒരു മിഷനറിക്കു് ഏറ്റവും വലിയ മനോവേദന ഉളവാക്കുന്നതു്.

കേരളത്തിലുള്ള ക്രിസ്ത്യാനികൾ അനാവശ്യാഡംബരങ്ങൾ

ക്കായി ധൂർത്തടിച്ചു ചെലവഴിക്കുന്ന പണത്തിന്റെ ഒരു ചെറിയ അംശമെങ്കിലും മിഷനെ സഹായിക്കുന്നതിനായി അയച്ചുകൊടുത്തിരുന്നെങ്കിൽ ഇപ്പോഴത്തേക്കാൾ പതിന്മടങ്ങു കൂടുതൽ ആളുകളെ അജ്ഞാനാന്ധകാരത്തിൽ നിന്നു വിമുക്തരാക്കി നിത്യ ഭാഗ്യത്തിനു് അവകാശികളാക്കാമായിരുന്നു. ഇനി വിദേശത്തുനിന്നു ആളും അർത്ഥവും കിട്ടുക അത്ര എളുപ്പമല്ലാത്തതിനാൽ മിഷൻ പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുപോകുന്നതിനു മാത്രമല്ല ഇപ്പോഴത്തെ രീതിയിലെങ്കിലും തുടർന്നുകൊണ്ടുപോകുന്നതിനും നമ്മുടെ ധാരാളമായ സഹായസഹകരണങ്ങൾ അത്യന്താപേക്ഷിതമായിട്ടാണിരിക്കുന്നതു്. കേരളത്തിലേ ഓരോ ഇടവകയും മിഷൻ രംഗങ്ങളിലുള്ള ഓരോ ഗ്രാമത്തിന്റെയെങ്കിലും ഭാരം കയ്യേറു് അതിനുവേണ്ടി പ്രാർത്ഥിക്കുകയും പള്ളി, സ്കൂൾ മുതലായവ സ്ഥാപിച്ചുനടത്തുന്നതിനുവേണ്ട ചെലവു വഹിക്കുകയും ചെയ്യുന്നപക്ഷം വിദേശികളെ ആശ്രയിക്കാതെതന്നെ വേദപ്രചാരം പുരോഗമിക്കുമെന്നും അനതിവിദൂരമായ ഭാവിയിൽ ഒരു നല്ല ശതമാനം ഭാരതീയർ ക്രിസ്ത്യാനികളായിത്തീരുമെന്നും നമുക്കു ന്യായമായി പ്രത്യാശിക്കാം. അതിനിടയാക്കുമാറു് "ഇൻഡ്യൻമിഷനറി" മലയാളക്കരയിലെ സകല കത്തോലിക്കാഭവനങ്ങളിലും പ്രവേശിച്ചു്, ആബാലവൃദ്ധം എല്ലാവരുടേയും മിഷൻ ചൈതന്യത്തെ തട്ടിയുണർത്തുന്നതിനു ബേസ്സൂഹമിലേ ദിവ്യശിശു അനുഗ്രഹിക്കട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി അതിനെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

മാന്നാനം,
ക്രിസ്തുമസ്സ് ദിനം 1949.

ഫാദർ അവുറേലിയൂസ് സി. ഡി.

ഇൻഡ്യൻ മിഷനറി

പത്രപ്രവർത്തകന്മാർ, യൂണിവേഴ്സിറ്റിപ്രൊഫസറന്മാർ, ശാസ്ത്രപരീക്ഷകന്മാർ, ഇടവകവികാരിമാർ എന്നീ പദവികളിലെല്ലാം മിഷനറിമാർ പ്രവർത്തിക്കുക അസാധാരണമല്ല. എന്നിരുന്നാലും ഗ്രാമങ്ങളംതോറും ചുറ്റിസ്സഞ്ചരിച്ചു് അക്രൈസ്തവരെ മനസ്സന്തിരിക്കുകയും ക്രിസ്ത്യാനികളെ വിശ്വാസത്തിൽ സ്ഥിരീകരിക്കുകയും ചെയ്യുകയാണു് മിഷനറിമാരുടെ പ്രധാനകൃത്യം. തത്കൃത്യനിർവഹണത്തിലേർപ്പെട്ടിരിക്കുന്ന ഇൻഡ്യൻമിഷനറിമാരുടെ പ്രവർത്തനസമ്പ്രദായം, ജീവിതരീതി എന്നിവയെപ്പറ്റി കുറഞ്ഞൊന്നു വിവരിക്കുകയാണു് ഈ ലേഖനത്തിന്റെ പ്രധാനോദ്ദേശ്യം.

യുദ്ധരംഗം

മിശിഹായുടെ രാജ്യം വിസ്തൃതമാക്കുവാൻ നമ്മുടെ സഹോദരീസഹോദരന്മാർ ഭാരതത്തിന്റെ നാനാഭാഗങ്ങളിലായി ചെയ്യുന്ന യുദ്ധത്തെക്കുറിച്ചു് എന്തെങ്കിലും പറയുന്നതിനുമുൻപായി, യുദ്ധക്കളത്തെക്കുറിച്ചുതന്നെ സാമാന്യമായി അറിഞ്ഞിരിക്കേണ്ടതുണ്ടു്.

ഇൻഡ്യയിലേ ഗ്രാമപ്രദേശങ്ങളാണു് മിഷനറിമാരുടെ പ്രധാനമായ യുദ്ധരംഗം. വിജയലബ്ധിക്കു പട്ടണങ്ങളിലേതിനെക്കാൾ ഗ്രാമങ്ങളിലാണു് കൂടുതൽ എളുപ്പം. ഇതുകൊണ്ടത്രെ മിഷനറിമാർ മുഖ്യമായി ഗ്രാമങ്ങളിലേക്കു പോകുന്നതു്.

ഇൻഡ്യയിലേ ഗ്രാമീണ ജീവിതരീതി എന്തെന്നു കേരളത്തിലുള്ള പലർക്കും ശരിയായി മനസ്സിലായിട്ടുണ്ടെന്നു തോന്നുന്നി

ല്ല. അനേകം കുടുംബങ്ങൾ കൂടിവസിക്കുന്ന സ്ഥലമാണു് ഒരു ഗ്രാമം. ഒരു ഗ്രാമത്തിൽ ചെന്നാൽ അതിന്റെ വലുപ്പമനുസരിച്ചു പത്തോ നൂറോ ആയിരമോ ചെറിയ ചെറിയ വീടുകൾ കാണാം. ഈ വീടുകൾ അടുത്തടുത്തോ ഒന്നിനോടൊന്നു യോജിച്ചോ ആയിരിക്കും നിർമ്മിക്കപ്പെട്ടിരിക്കുന്നതു്.

ഒരു ഗ്രാമത്തിൽ സാധാരണ പല ജാതിക്കാരുണ്ടായിരിക്കും. ജാതിവ്യത്യാസമനുസരിച്ചു് പ്രത്യേകസ്ഥലങ്ങൾ നിണ്ണയിക്കപ്പെട്ടിട്ടുണ്ടു്. ചാർച്ചയിൽപ്പെട്ടവരുടെ വീടുകളെല്ലാം മിക്കവാറും അടുത്തടുത്തായിരിക്കും. ഗ്രാമത്തിലുള്ള ഓരോ ജാതിക്കും തലവന്മാരുണ്ടു്. ഈ തലവന്മാർക്കു തങ്ങളുടെ അധീനതയിലുള്ളവരുടെമേൽ പലതരത്തിലുള്ള അധികാരങ്ങളാണുള്ളതു്. തലവന്മാരുടെ സമ്മതമുണ്ടെങ്കിൽ എന്തെങ്കിലും കാര്യസിദ്ധിക്കു വിഷമത നേരിടുകയില്ല.

സഞ്ചാരം

ആധുനികകാലത്തുള്ള സഞ്ചാരോപകരണങ്ങളെല്ലാം മിഷനറിമാർ ഉപയോഗപ്പെടുത്തുന്നുണ്ടു്. തീവണ്ടി, ബസ്സു് മുതലായ വാഹനങ്ങൾമൂലം ചെന്നെത്താൻ സാധിക്കാത്ത സ്ഥലങ്ങളിൽ സൈക്കിളിലോ കാളവണ്ടിയിലോ നടന്നോ പോകുകയാണു് പതിവു്. ഇങ്ങനെയുള്ള യാത്രകളിൽ മിഷനറിമാർ സഹിക്കുന്ന ക്ലേശങ്ങളും കഷ്ടതകളും അവർക്കു് നേരിടുന്ന ആപത്തുകളും വിവരിക്കുക എളുപ്പമല്ല. യാത്രയിലുള്ള ആപത്തുകളിൽപ്പെട്ടു് മരണംപ്രാപിച്ചിട്ടുള്ള മിഷനറിമാർ അനവധിയാണു്. കാവൽദൂതന്മാർമൂലം ദൈവം തന്റെ മിഷനറിമാരെ പ്രത്യേകവിധം സംരക്ഷിക്കുന്നുവെന്നുള്ളതു് അവിതർക്കിതംതന്നെ. അല്ലെ

ക്കിൽ ചൂട്ട്, തണുപ്പ്, കാട്ടുമൃഗങ്ങൾ, വിഷജന്തുക്കൾ മുതലായവ മൂലം മരണമടയുന്ന മിഷനറിമാർ അസംഖ്യമായിരുന്നോനെ.

മാനസാന്തരപ്പെടുന്ന ജാതികൾ

ഇൻഡ്യയിൽ ക്രിസ്തുമതം സ്വീകരിക്കുന്നതു് സാധാരണമായി ഏറ്റവും താഴ്ന്ന ജാതികളാണു്. ഇവർ പറയർ, പഞ്ചമർ, ഹരിജനങ്ങൾ എന്നും മറ്റും വിളിക്കപ്പെടുന്നു. ഇവരുടെ ഇടയിലും പല അവാന്തരജാതികളുണ്ടു്. ഇവരെക്കാൾ ഉയർന്ന ജാതികളെന്നു ഗണിക്കപ്പെടുന്നപൂർവ്വജാതികൾ (**Aboriginal race**) പലയിടത്തും മാനസാന്തരപ്പെട്ടുണ്ടു്. അനേകവകുപ്പുകളടങ്ങിയ ശ്രുദ്രജാതികളും ചില ദ്രുപതകളിൽ സത്യവേദം സ്വീകരിക്കുന്നുണ്ടു്. ഏതുജാതിയിലും കത്തോലിക്കരെ കാണ്മാൻ കഴിയും. ജാതിനിബന്ധനകളിൽ ചിലതു് സത്പ്രവർത്തനത്തിനു സഹായകമാണു്. എങ്കിലും ജാതിസംബന്ധമായ വിശ്വാസങ്ങൾ മതപ്രചാരത്തിനു വലിയ പ്രതിബന്ധങ്ങൾ തന്നെ.

ഉയർന്നജാതികളുടെ മാനസാന്തരം

ഉയർന്ന ജാതികൾ സത്യമതം സ്വീകരിക്കാത്തപക്ഷം ഇൻഡ്യ എന്നും ഒരുക്രൈസ്തവരാജ്യമായിത്തന്നെ സ്ഥിതിചെയ്യും. മാനസാന്തരപ്പെടുന്ന അധഃകൃതജാതിക്കാർ കാലക്ഷേപത്തിനായി ഇതരമതസ്ഥരായ യജമാനന്മാരെ സേവിക്കുന്ന കാലത്തോളം അവരുടെ വിശ്വാസം ദൃഢമാകുക എളുപ്പമല്ല. ഉയർന്ന ജാതികളുടെ മാനസാന്തരത്തിനായുള്ള പരിശ്രമങ്ങൾ പൊതുവെ വിജയിച്ചുവരുന്നു. എന്നാൽ അവരുടെ മാനസാന്തരത്തിനു വളരെ

യധികം തടസ്സങ്ങളുണ്ട്. ധാരാളമായ ദൈവാനുഗ്രഹമില്ലെങ്കിൽ വിജയം സിദ്ധിക്കുകയില്ല. ഈ ദൈവാനുഗ്രഹങ്ങൾ ലഭിക്കുന്നതിനായി തീക്ഷ്ണമായ പ്രാർത്ഥനകളും സൽപ്രവൃത്തികളും നാം ദൈവത്തിനു സമർപ്പിക്കണം.

കൂട്ടമായ മാനസാന്തരങ്ങൾ

ഏതാനും ഗ്രാമങ്ങളിൽ ഒരു ജാതിക്കാർ സത്യമതം സ്വീകരിക്കുന്നതോടെ, ആ ജാതിക്കാരായ മറ്റു പലഗ്രാമക്കാരും വിശ്വാസസ്വീകരണത്തിനായ് മിഷനറിമാരുടെ പക്കൽ അപേക്ഷിക്കാറുണ്ട്. ഇങ്ങനെയുള്ള കൂട്ടമായ മാനസാന്തരങ്ങൾ ഇൻഡ്യയിൽ പല സ്ഥലങ്ങളിലും നടക്കുന്നുമുണ്ട്. കൂട്ടമായ മാനസാന്തരങ്ങൾ മിഷൻജോലിയിലുള്ള പല വിഷമതകളേയും ലഘൂകരിക്കുന്നു.

മാനസാന്തരത്തിന്റെ ആരംഭദശ

പല ജാതികളിൽ മാനസാന്തരത്തിനു് ഏറ്റവും അനുകൂലമായ ജാതി ഏതെന്നും ആ ജാതിയുടെ പ്രത്യേകതകൾ ഏവയെന്നുംമറ്റുമുള്ള വിവരങ്ങൾ മിഷനറി അന്വേഷിച്ചറിയുന്നു. ജാതിയിലേ പ്രമാണികളെക്കണ്ടു് അവരോടു് സംസാരിക്കുന്നു. അവരുടെ ഇഷ്ടം സമ്പാദിക്കുകയും അവർമൂലം മറ്റുള്ളവരെ സമീപിക്കുകയും ചെയ്യുന്നു. പിന്നീടു് വിശ്വാസസ്വീകരണംമൂലമുള്ള പ്രയോജനങ്ങളെപ്പറ്റി ഉപദേശിക്കുന്നു. കുറേപ്പേരെങ്കിലും ഉപദേശങ്ങൾ സ്വീകരിക്കുകയും സ്കൂളിൽ കുട്ടികളെ അയയ്ക്കുന്നതിനു സമ്മതിക്കുകയും ചെയ്താൽ ആ ഗ്രാമത്തിൽ ഒരു

സ്കൂൾ ആരംഭിക്കുകയും അവിടെ ഒരുപദേശിയെ ഏർപ്പെടുത്തുകയും ചെയ്യുന്നു.

മിഷനറിമൂലമല്ലാതെ ക്രിസ്തുമതം ഗ്രാമങ്ങളിൽ അറിയപ്പെട്ടതിന്റെ ഫലമായി പ്രസ്തുത ഗ്രാമങ്ങളിലെ തലവന്മാർ പലപ്പോഴും മിഷനറിമാരുടെ പക്കൽവന്നു വളരെ ബഹുമാനപുരസ്സരം തൊഴുതതിനു ശേഷം തങ്ങളുടെ ഗ്രാമത്തിൽ ഒരു സ്കൂൾ സ്ഥാപിച്ചു ജനങ്ങളെ ഉപദേശിക്കണമെന്നു യാചിക്കുന്നതു് ഈ എഴുത്തുകാരൻ തന്നെ പലപ്പോഴും കണ്ടിട്ടുണ്ടു്. "നിങ്ങളുടെ ഗ്രാമത്തിൽ സ്കൂൾ സ്ഥാപിച്ചാൽ നിങ്ങൾക്കെല്ലാവർക്കും മതത്തിൽ ചേരുവാൻ ഇഷ്ടമാണോ" എന്നുള്ള മിഷനറിയുടെ ചോദ്യത്തിനു് "ഞങ്ങൾക്കെല്ലാവർക്കും ഇഷ്ടമാണു്." എന്നാണു് മറുപടി. മിഷനറിമാർ നിവൃത്തിയുള്ളപക്ഷം ഇങ്ങനെയുള്ള അപേക്ഷകൾ സ്വീകരിക്കുകതന്നെ ചെയ്യുന്നു. വൈദികന്മാരുടേയും, ഉപദേശികളുടേയും, പണത്തിന്റേറയും കുറവുകാരണത്താൽ ഇപ്രകാരമുള്ള അപേക്ഷകൾ ചിലപ്പോൾ സ്വീകരിക്കാതിരിപ്പാൻ മിഷനറി നിർബന്ധിതനാകുന്നു. ഇതു് എത്ര സങ്കടകരമാണെന്നു് ഊഹിച്ചാലും! അവരുടെ അപേക്ഷ സ്വീകരിക്കപ്പെട്ടാൽ പക്ഷം ആ ഗ്രാമങ്ങളിലും സ്കൂൾ സ്ഥാപിക്കുകയും ഉപദേശിയെ നിയമിക്കുകയും ചെയ്യുന്നു.

മിഷൻസ്കൂളുകൾ

മിഷൻ സ്ഥാപനങ്ങളിൽവച്ചു് വളരെയധികം പ്രാധാന്യമർഹിക്കുന്നവയാണു്. സ്കൂളുകൾ ഉന്നത വിദ്യാഭ്യാസത്തിനുള്ള കോളേജുകൾ തുടങ്ങി പ്രാരംഭ പാഠശാലകൾവരേയുള്ള വിദ്യാലയങ്ങൾ മിഷനറിമാർ സ്ഥാപിച്ചു നടത്തിവരുന്നുണ്ടു്. ഇവ

യോരോന്നും അക്കൈസ്തവരുടെ മാനസാന്തരത്തിനു് അത്യന്താപേക്ഷിതമത്രെ. എങ്കിലും മിഷൻജോലിയുടെ വിജയത്തിനു് ഏറ്റവും സഹായകമായിരിക്കുന്നതു ഗ്രാമവിദ്യാലയങ്ങളാണു്.

നാം ക്രിസ്ത്യാനികളുള്ള പല ഗ്രാമങ്ങളും സന്ദർശിക്കുന്നതായാൽ അവയിലൊന്നിൽപോലും ഒരു ദേവാലയം കണ്ടില്ലായെന്നുവരാം. എന്നാൽ ഒരു സ്കൂളെങ്കിലും ഇല്ലാത്ത ഗ്രാമം ഒന്നുംതന്നെ ഉണ്ടായിരിക്കുകയില്ല. ഒരു മൺപീഠവും ഒരു കുരിശുരൂപവും എല്ലാ മിഷൻ സ്ക്കൂളുകളിലുംതന്നെ ഉണ്ടായിരിക്കും. പണദൗർലഭ്യംമൂലം സ്ക്കൂൾകെട്ടിടങ്ങൾ പലതും പത്തും ഇരുപതും മുപ്പതും രൂപാമാത്രം വിലപിടിച്ച വെറും ശാലകൾ ആയിരിക്കും. എന്നിരുന്നാലും അവ നാനാവിധത്തിൽ ഉപകരിക്കുന്നു. പാഠശാലക്കുപുറമെ ദേവാലയം, മിഷനറിമാരുടെ താമസസ്ഥലം, ഗ്രാമവാസികളുടെ യോഗശാല എന്നിങ്ങനെയെല്ലാം മിഷൻ സ്ക്കൂളുകൾ ഉപയോഗിക്കപ്പെടുന്നു. ഒന്നുതൊട്ടു് അഞ്ചുവരെയുള്ള ക്ലാസ്സുകളാണു് സാധാരണ ഈ സ്ക്കൂളിൽ നടത്തപ്പെടുന്നതു്. രണ്ടും മൂന്നും ക്ലാസ്സുകളിൽ പഠിപ്പിക്കുവാൻ ഒരദ്ധ്യാപകൻ മാത്രമെ പലപ്പോഴും ഉണ്ടായിരിക്കുകയുള്ളു. പ്രൈമറിസ്ക്കൂളുകളിലുള്ള എല്ലാ വിഷയങ്ങളും മുഖ്യമായി വേദപാഠവും ഈ സ്ക്കൂളുകളിൽ പഠിപ്പിക്കുന്നു. കുട്ടികൾ മാത്രമല്ല പ്രായപൂർത്തി വന്നവരും സ്ക്കൂളിൽ മഹാജരാകുന്നുണ്ടു്. പകൽ വരുവാൻ സൗകര്യമില്ലാത്തവർക്കു് ക്ലാസ്സുകൾ രാത്രിയിലാണു്. ഇപ്രകാരം രാത്രിയും, പകലും അജ്ഞാനാന്ധകാരത്തിൽ പ്രകാശിക്കുന്ന സത്യദീപങ്ങളത്രെ മിഷൻ സ്ക്കൂളുകൾ.

ഉപാദ്ധ്യായന്മാർ

മിഷനറിമാരുടെ വളരെനാളത്തെ ശ്രമഫലമായി പരിശീ

ലിപ്പിക്കപ്പെട്ടവരാണു് ഗ്രാമീണ മിഷൻ സ്ക്കൂളിലെ ഉപാ
ദ്ധ്യായന്മാർ. ചെറിയ കുട്ടികളെ തിരഞ്ഞെടുത്തു് പത്തുപന്ത്ര
ണ്ടുകൊല്ലത്തേക്കു മിഷനധികാരികൾ വിദ്യ അഭ്യസിപ്പിക്കുന്നു.
അഭ്യസനകാലത്തെ ചെലവുകൾ മുഴുവൻ മിഷനറിമാർതന്നെ
വഹിക്കണം. പഠനം കഴിഞ്ഞ യുവാക്കന്മാർ ഗ്രാമങ്ങളിൽ ഉ
പാദ്ധ്യായജോലി ആരംഭിക്കുന്നു. ഇവർക്കു് പ്രതിമാസശമ്പളം
സാധാരണ എട്ടുമുതൽ പതിനഞ്ചു രൂപാവരെയാണു്.

പല ഗ്രാമങ്ങളിലും ഉപദേശിയുടെ ജോലിയും ഈ ഉപാ
ദ്ധ്യായന്മാർക്കുതന്നെയാണു്. സ്കൂളിൽ പഠിപ്പിക്കുക, ഗ്രാമവാ
സികൾക്കു മതോപദേശം ചെയ്യുക, രോഗികളെ സന്ദർശിക്കുക,
വഴക്കുകൾ തീരുമാനിക്കുക ഇത്യാദി ജോലികൾകൂടി അദ്ധ്യാപക
ന്മാർ ചെയ്യാറുണ്ടു്. മിഷൻ ജോലിയുടെ വിജയമൊ അപജയ
മൊ ഉപാദ്ധ്യായന്മാരും ഉപദേശികളും ആയിട്ടുള്ളവരെ ഒട്ടുവള
രെ ആശ്രയിച്ചിരിക്കുന്നു. മതതീക്ഷ്ണതയും സാമർത്ഥ്യവുമുള്ളവരെ
ങ്കിൽ അവർ മിഷനറിമാർക്കു് വലിയ സഹായികളായിത്തീരുന്നു.

ഉപദേശിമാർ

മിഷനറിമാർക്കു് അനുദിനജീവിതത്തിലും പ്രവർത്തനത്തിലും
ഒഴിച്ചുകൂടാൻ പാടില്ലാത്ത സഹായികൾ ഉപദേശിമാരാണു്.
ക്രിസ്ത്യാനികളുടെ ഇടയിൽനിന്നു് സ്വഭാവഗുണവും ബുദ്ധിസാമ
ർത്ഥ്യവുമുള്ള ചെറുപ്പക്കാരെ തിരഞ്ഞെടുത്തു് ഉപദേശിജോലി
അഭ്യസിപ്പിക്കുക മിഷനറിമാർ ചെയ്യേണ്ട പ്രധാന കൃത്യങ്ങളി
ലൊന്നാണു്. പുതിയ ഗ്രാമങ്ങളിൽ വിശ്വാസപ്രചാരത്തിനു്
മിഷനറിമാരുടെ മുന്നോടികൾ ഉപദേശികളത്രെ. വിശ്വാസസ
ത്യങ്ങൾ പഠിപ്പിച്ചു് ജ്ഞാനസ്നാനത്തിനായി ജനങ്ങളെ ഒരുക്കു

ന്നതും ഉപദേശിമാരാണു്. ജ്ഞാനസ്നാനശേഷം വിശ്വാസപ്രമായി അവർ ജീവിക്കുന്നതിനും ഉപദേശിമാരുടെ സഹായം അത്യാവശ്യമാണു്. എത്രനാളത്തേക്കു് ഒരു ഗ്രാമത്തിൽ ഉപദേശി ജോലി ചെയ്യണമെന്നു ചോദിച്ചാൽ അതിനു ഖണ്ഡിതമായ ഒരു മറുപടി പറയുവാൻ നിവൃത്തിയില്ല. മൂന്നും നാലും തലമുറയായ ക്രിസ്തീയ ഗ്രാമങ്ങളിലും ഉപദേശിമാരുണ്ടു്. അജ്ഞാനാന്ധകാരത്തിൽ ആണ്ടുകിടക്കുന്ന ഈ പ്രദേശത്തു് വളരെ കൊല്ലങ്ങൾതന്നെ ഉപദേശി ജോലിചെയ്യേണ്ടിയിരിക്കുന്നു. സാക്ഷരതാപത്തിൽ ഗ്രാമങ്ങളിലെ ജനങ്ങൾ വളരെവളരെ പിന്നോക്കമാണു്. മാത്രമല്ല ക്രിസ്ത്യാനികൾ അക്രൈസ്തവ സമ്പ്രദായങ്ങളാലും അസാന്മാർഗ്ഗിക നടപടികളാലും സർവത്ര ചുറപ്പെട്ടിരിക്കുന്നു. തന്മൂലം ഉപദേശിമാരുടെ ജോലി വളരെക്കൊല്ലത്തേയ്ക്കു നീണ്ടുനില്ക്കുന്നതിൽ അത്ഭുതത്തിനു അവകാശമില്ലല്ലോ. ഉപദേശിമാരുടെ ജോലി വൈഷമ്യമേറിയതുതന്നെ. അവരുടെ ശമ്പളമോ വളരെ തുച്ഛവും. സാധാരണ, മാസത്തിൽ പത്തോ പന്ത്രണ്ടോ രൂപായാണു് ഒരുപദേശിയുടെ ശമ്പളം. ദൃഢവിശ്വാസവും തീക്ഷ്ണതയുമുള്ള ഉപദേശികളെ ലഭിക്കുന്നെങ്കിൽ മിഷനറിമാരുടെ ആശ്വാസം അത്യധികമായി വർദ്ധിക്കുകയും അവരുടെ ഭാരം തുലോം കുറയുകയും ചെയ്യുന്നു. നേരേമറിച്ചു് അജ്ഞതയും ഉദാസീനതയും ദുർവൃത്തതയുമായ ഉപദേശികൾ മിഷനറിമാരുടെ വിഷമതകളെ സാരമായവിധം വർദ്ധിപ്പിക്കുകയേയുള്ളൂ. ഉത്തമന്മാരായ ഉപദേശിമാർ വളരെ ദുർലഭം. കൊയ്ത്തു വിസ്തൃതവും വേലക്കാർ ചുരുക്കവുമാണെന്നുള്ളതു് ഇവരുടെ വിഷയത്തിൽ വളരെ വാസ്തവം തന്നെ. നല്ലഉപദേശിമാരെ ധാരാളമായി ലഭിക്കുന്നതിനു കൊയ്ത്തിന്റെ യജമാനനോടു നമുക്കു പ്രാർത്ഥിക്കാം.

സഞ്ചാരോപദേശികർ.

ഗ്രാമത്തിൽ സ്ഥിരതാമസമുള്ള ഉപദേശികർക്കു പുറമെ സഞ്ചാരോപദേശികർ (toming catechists) എന്നൊരു കൂട്ടരുണ്ട്. ഇവർ മിഷനറിമാരുടെ മുന്നോടികളാണ്. നമ്മുടെ കർത്താവു്, താൻ പോകുവാനിരുന്ന ഗ്രാമങ്ങളിൽ വഴിതെളിക്കുന്നതിനായി, എഴുപത്തിരണ്ടു ശിഷ്യന്മാരെ തെരഞ്ഞെടുത്തയച്ചതുപോലെ മിഷനറിമാർ പുതിയ ഗ്രാമങ്ങളിലേക്കു സഞ്ചാരോപദേശികളെ അയക്കുന്നു. ഇവർ തങ്ങളുടെ ജാതിക്കാരുടേയും ബന്ധുക്കളുടേയും പരിചയക്കാരുടേയും ഇടയിൽ, സത്യമതത്തെക്കുറിച്ചും അതിൽ ചേർന്നാലുണ്ടാകുന്ന പ്രയോജനങ്ങളെക്കുറിച്ചും സംസാരിക്കുന്നു. മിഷനറിയുടെ ആഗമനം ആത്മികവും ലൗകികവുമായ എത്രമാത്രം നന്മകളേയാണുളവാക്കുന്നതെന്നു് അവർ ജനങ്ങളെ പറഞ്ഞു ധരിപ്പിക്കുന്നു. ഇങ്ങനെ മിഷനറിയെ ക്ഷണിക്കുന്നതിനു അവർ ഗ്രാമവാസികളെ പ്രേരിപ്പിക്കുന്നു. അനന്തരം ഈ ഉപദേശിമാർ മിഷനറിയെ വരുത്തുകയും അദ്ദേഹത്തെ ഗ്രാമവാസികളുമായി പരിചയപ്പെടുത്തുകയും ചെയ്യുന്നു. പുതിയ ഗ്രാമത്തിന്റെ സാഹചര്യങ്ങളും പ്രത്യേകതകളും അതിലുള്ള ജനങ്ങളുടെ സ്ഥിതിഗതികളും അവരിൽനിന്നു മിഷനറി മനസ്സിലാക്കുന്നു. ക്രിസ്തുരാജ്യം വിസ്തൃതമാക്കുവാൻ ഏവംവിധമുള്ള പ്രവൃത്തികർമൂലം ഈ ഉപദേശിമാർ എത്രയേറെ സഹായിക്കുന്നുവെന്നു് കണ്ടാലും!

മതബോധനം

കത്തോലിക്കാ സഭയിൽ പ്രവേശിക്കുന്നതിനുള്ള വാതിൽ

ജ്ഞാനസ്നാനമാണല്ലൊ. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ചു സത്യസഭാംഗങ്ങളാകുന്നതിനു മുമ്പു് മതപരിശീലനം നടത്തേണ്ടതായിട്ടുണ്ടു്. പരിശീലനകാലം വിവിധസാഹചര്യങ്ങളനുസരിച്ചു് ഒന്നോ, രണ്ടോ, മൂന്നോ കൊല്ലത്തേക്കു ദീർഘിക്കും. ഈ കാലത്തിനിടയ്ക്കു പ്രധാന വിശ്വാസസത്യങ്ങളും, ദിവസംപ്രതി ചൊല്ലേണ്ട ജപങ്ങളും മുതലായവ ഗ്രാമവാസികളും പഠിക്കുന്നു. വാദ്ധ്യം പ്രാപിച്ചവർപോലും ഇതിൽനിന്നു ഒഴിവാക്കപ്പെട്ടിട്ടില്ല.

സകല ജനങ്ങളുംക്കും സുവിശേഷം പ്രസംഗിക്കണമെന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ ആജ്ഞയാണു് ഇന്നും മിഷനറിമാർ ഏവരും അനുവർത്തിച്ചുവരുന്നതു്. കേൾക്കുവാൻ ആളില്ലെങ്കിൽ പ്രസംഗംകൊണ്ടു ഫലമില്ലല്ലൊ. കേൾവിക്കാരെ ശേഖരിക്കുകയെന്നുള്ളതു് വൈഷമ്യമേറിയ ഒരു കാര്യമത്രെ. പകൽ സമയം ഗ്രാമവാസികളും ജോലികളിൽ വ്യാപൃതരായിരിക്കുകയാൽ അവർക്കു് ഉപദേശങ്ങളും നല്കുന്നതിനു് അപ്പോൾ സാദ്ധ്യമല്ല. പണി കുറവുള്ള കാലങ്ങളിൽമാത്രം പകൽ സമയം ഉപദേശം കേൾക്കുന്നതിനായി കുറെപ്പേരെ ലഭിച്ചുവെന്നുവരാം. രാത്രി ഭക്ഷണം കഴിയുമ്പോഴാണു് ജനങ്ങളും കൂടുന്നതിനു അനുകൂലസമയം.

മതോപദേശത്തിനു് ജനങ്ങളെ ആകർഷിക്കുന്നതിനും ഉപദേശം രസകരവും ഫലപ്രദവുമാക്കിത്തീർക്കുന്നതിനുംവേണ്ടി ഗ്രാമഫോൺ, വേദോപദേശപാഠങ്ങളും, സിനിമാ, മാജിക്കലാൻടേൺ മുതലായവ മിഷനറിമാർ ഉപയോഗിക്കാറുണ്ടു്. മതപരമായ പാട്ടുകളും, ഫാഴ്സുകളും, നാടകങ്ങളും മുതലായവ മതപഠനം സുകരമാക്കിത്തീർക്കുന്നു. എന്തെങ്കിലും തമാശുമുണ്ടെങ്കിൽ വളരെപ്പേർ ഓടിക്കൂടും. മതം സ്വീകരിച്ചവൻ ഇവയൊ

ന്നും ക്രൂശാതെതന്നെ വന്നുകൊള്ളും. എങ്കിലും ഇവക്കും അങ്ങനെവല്ലതുമുണ്ടെങ്കിൽ, വന്നു ചേരുവാൻ കൂടുതൽ ഉത്സാഹവും സന്തോഷവും കാണും.

ആളുകൾ വന്നതിനുശേഷം മതോപദേശം ആരംഭിക്കുന്നു. മിഷനറി സ്ഥലത്തില്ലാത്ത ദിവസങ്ങളിൽ ഉപദേശി ഗ്രാമവാസികളെ വിളിച്ചുകൂട്ടി ഉച്ചത്തിൽ ജപങ്ങൾ ചൊല്ലിക്കൊടുക്കുന്നു. എല്ലാവരും മനഃപാഠമാക്കുന്നതുവരെ ഓരോ മൊഴിയും ആവർത്തിക്കുന്നു. ഉല്ലാസത്തിനു ഇടയ്ക്കിടയ്ക്കു പാട്ടുകളും കഥകളും ഉണ്ടായിരിക്കും. ജ്ഞാനസ്നാനത്തിനു ഒന്നരണ്ടാഴ്ചമുൻപുതുടങ്ങി പഠനം അതിജാഗ്രതയോടെ നടക്കുന്നു. തദവസരത്തിൽ സംഗീതം മാത്രമല്ല, രസകരമായ അഭിനയങ്ങളും നടത്താറുണ്ട്. അങ്ങനെ ലൗകികവും ആദ്ധ്യാത്മികവുമായവ അന്യോന്യം സഹായിക്കുകയും അജ്ഞാനാന്ധകാരം നീങ്ങി ക്രമേണ സത്യവെളിച്ചം പ്രകാശിക്കുകയും ചെയ്യുന്നു.

പഠനം അഭിവൃദ്ധിപ്പെട്ടുന്നതോടുകൂടി മതാവലംബികൾ അക്രൈസ്തവാചാരങ്ങൾ ക്രമേണ ഉപേക്ഷിക്കുന്നു. അപ്പോൾ മുതൽ സത്യമതം അനുസരിക്കാനും പരിശീലിക്കുന്നു. യുക്തികരമായ പഠനവും വിശ്വാസയോഗ്യമായ നടപടിയും ഗ്രാമവാസികളിൽ പ്രത്യക്ഷപ്പെടുമ്പോൾമാത്രമാണു് അവർക്കു ജ്ഞാനസ്നാനം നല്കുന്നതു്.

ജ്ഞാനസ്നാനം

മാമ്മോദീസായ്ക്കു് ആവശ്യമായവ പഠിക്കുകയും പരിശീ

ലിക്കുകയും ചെയ്തതിനുശേഷം ആ കുഞ്ഞാട സ്വീകരിക്കുന്ന ദിനം ഗ്രാമവാസികൾക്ക് ഒരു മഹോത്സവമാണ്. മിഷനറിക്കും ഇതൊരു വിജയദിനംതന്നെ. സമുചിതമായ ആഘോഷങ്ങളോടുകൂടി ഈ ദിവസം കൊണ്ടാടുന്നതിനു മിഷനറിയും ജനങ്ങളും ഏകമനസ്സോടെ പരിശ്രമിക്കുന്നു.

അന്നത്തെ ചടങ്ങുകളിൽ പ്രധാനമായവ ജ്ഞാനസ്നാനകർമ്മങ്ങൾതന്നെ. ജ്ഞാനസ്നാനം നല്കുന്നതിനായി അതു സ്വീകരിക്കുവാനുള്ളവരുടെ സംഖ്യയനുസരിച്ചു രണ്ടോ മൂന്നോ അതിലധികമോ വൈദികന്മാരെ ക്ഷണിക്കേണ്ടതായി വരും. സഹായികളായി ഉപദേശികളും ഉണ്ടായിരിക്കും. ഓരോരുത്തരും സ്വീകരിക്കുവാനുള്ള പേരുകളെഴുതിയ ലിസ്റ്റ് തയാർചെയ്തതിനുശേഷം ജ്ഞാനസ്നാനത്തിനൊരുങ്ങിയിട്ടുള്ളവരെ വിളിച്ചുവരുത്തി, ഉടൻതന്നെ മിഷനറി ആവശ്യകമായ ഉപദേശങ്ങൾ അവർക്കു നല്കുന്നു. അതു കഴിഞ്ഞ് ആറും ഏഴും പേർവീതമുള്ള ഗ്രൂപ്പുകളായിത്തിരിച്ച് അവരെ ജ്ഞാനസ്നാനപ്പെടുത്തുന്നു.

മാമ്മോദീസായുടെ മനോഹരങ്ങളായ കർമ്മങ്ങൾ ഏവരെയും ആകർഷിക്കത്തക്കവയാണല്ലൊ. കണ്ടിട്ടില്ലാത്തവർ കാണുമ്പോൾ അതിൽ ഒരു നവീനതയുമുണ്ട്. തക്കകാരണങ്ങളാൽ മിഷനറിമാർക്കുള്ള പ്രത്യേക അനുമതി നിമിത്തവും, ശിശുക്കൾക്കുള്ള ജ്ഞാനസ്നാനകർമ്മങ്ങളാണ് പ്രായംചെന്നവർക്കും ഉപയോഗിക്കുന്നതു്. അനേകം അക്രൈസ്തവർ ഈ കർമ്മങ്ങൾ കാണുവാൻ ചുറ്റും കൂടുക പതിവാണ്. വലിയവരും ചെറിയവരും പുരുഷന്മാരും സ്ത്രീകളുമായി അനേകമാളുകൾ പന്തിപന്തിയായി നിന്നു ജ്ഞാനസ്നാനം സ്വീകരിക്കുന്ന കാഴ്ച സാക്ഷാൽ ആ

നന്ദപ്രദമത്രെ. കമ്മങ്ങളും അവസാനിക്കുമ്പോൾ എല്ലാവരും കൂടെ ദൈവത്തിനു സ്തോത്രം ചെയ്യുകയും, ഉത്തമക്രിസ്ത്യാനികളായി ജീവിക്കുന്നതിനുള്ള വരം പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ജ്ഞാനസ്നാനദിവസം ഒരു മഹോത്സവമായിട്ടാണു് കൊണ്ടാടുന്നതെന്നു പറഞ്ഞല്ലൊ. കമ്മാദികളും അവസാനിച്ചതിനുശേഷം പാട്ടു്, തുള്ളൽ മുതലായ വിനോദങ്ങളിൽ അവർ ആദിവസം ചെലവഴിക്കുന്നു. പ്രദക്ഷിണം, സദ്യ, നാടകം മുതലായവക്രമേണ അന്നത്തെ ആഘോഷങ്ങളിൽപ്പെടാറുണ്ടു്. താഴ്ന്ന ജാതിക്കാരും സാധുക്കളുമായ ഗ്രാമവാസികളും വളരെ ആശിക്കുന്നതും എല്ലാ ആഘോഷങ്ങളുടേയും ഒരു മുഖ്യഭാഗമായിക്കരുതുന്നതുമായ ഒന്നു്, ഒരു പന്നിയേയൊ ഒരു കാളയേയൊ കൊന്നു പങ്കിട്ടെടുക്കുക എന്നുള്ളതാണു്. ഇതിനും മിഷനറിമാർ ജ്ഞാനസ്നാനദിനം അവക്കുവേണ്ട ഒത്താശകളും ചെയ്തുകൊടുക്കാറുണ്ടു്.

ജ്ഞാനസ്നാനാനന്തരം

പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നതിൽ മിഷനറിമാർ അക്ഷീണം പരിശ്രമിക്കേണ്ടതുണ്ടു്. പുതുതായി പോത്രുന്നിയ വിശ്വാസവിത്തിനെ നാനാവിധ ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നു സംരക്ഷിക്കുകയും ശരിയായി പരിപോഷിപ്പിക്കുകയും ചെയ്യുന്ന ജോലി ഏറ്റവും വിഷമംതന്നെ.

ദിവ്യപൂജ, വി. ക്രുദാശകളുടെ സ്വീകരണം എന്നിവ പുണ്യവർദ്ധനത്തിനും വിശ്വാസപോഷണത്തിനുമുള്ള മാർഗ്ഗങ്ങളാ

ണല്ലൊ. വൈദികൻ മാറിമാറി ഓരോ ഗ്രാമത്തിലും ദിവ്യപൂ
ജ സമർപ്പിക്കും. ഈ അവസരത്തിൽ വിശ്വാസികൾക്കു കുമ്പ
സാരം, കുർബാന എന്നീ ക്രമാശകൾ നല്കുന്നു; ആളുകളുടെ സ്ഥി
തിഗതികളനുസരിച്ചുള്ള ഉപദേശങ്ങളും കൊടുക്കുന്നു.

ഇപ്രകാരമെല്ലാം ചെയ്താലും അജ്ഞാനത്തിൽ തഴങ്ങിയ
പുതുക്രൈസ്തവരുടെ മനസ്സ് കാര്യമതസ്പർശം കൂടാതെ സുസ്ഥി
രമായി നിറുത്തുക അത്ര എളുപ്പമല്ല. വിശ്വസ്തനായ ഒരുപദേ
ശി എല്ലായ്പ്പോഴും അവരെ സൂക്ഷിക്കുകയും ഉപദേശിക്കുകയും
തിരുത്തുകയും ചെയ്തുകൊണ്ടിരിക്കണം. ഗ്രാമത്തിൽ ഹിന്ദുക്കളു
ടെ ഉത്സവങ്ങൾ നടക്കുന്ന അവസരത്തിൽ ക്രിസ്ത്യാനികൾ അ
വയിൽ ചേരാതെയും സന്തോഷിക്കാതെയും ഇരിക്കുന്നതിനായി
മിഷനറിമാർ പ്രത്യേകം ശ്രദ്ധപതിക്കുന്നു. ഇതിനുവേണ്ടി, അ
ക്രൈസ്തവർ ഉത്സവം നടത്തുകയും ആനന്ദിക്കുകയും ചെയ്യു
മ്പോൾ, നവവിശ്വാസികളുടെയിടയിലും ക്രിസ്തീയമായ ആഘോ
ഷങ്ങൾ നടത്താറുണ്ട്. അജ്ഞാനത്താൽ ആവരണം ചെയ്യ
പ്പെട്ടിരിക്കുന്ന സത്യവിശ്വാസത്തെ സംരക്ഷിക്കുവാൻ ഈവിധ
മുള്ള പരിശ്രമങ്ങൾ ആവശ്യകമായിരിക്കുന്നതിൽ എന്താണ
ത്ഭുതം.

കന്യാസ്ത്രീകൾ ചെയ്യുന്ന സഹായം

ഗ്രാമങ്ങളിലേ ക്രിസ്ത്യാനികളെ, പ്രത്യേകം സ്ത്രീകളേയും
കുട്ടികളേയും, ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ജോ
ലിയിൽ കന്യാസ്ത്രീകളും സഹായിക്കുന്നുണ്ട്. ജ്ഞാനസ്നാനസ്വീക

MAMPAZHAKKAD · MONASTERY

രണത്തിനു മുമ്പു കുറെനാൾ ജനങ്ങളെ പ്രത്യേക വിധമായി ഒരുക്കുക, കുമ്പസാരത്തിനും ദിവ്യകാരുണ്യസ്വീകരണത്തിനും ആവശ്യമായവ പഠിപ്പിക്കുക എന്നിവയും കന്യാസ്ത്രീകളുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഈവിധ ജോലികൾക്കായി പ്രത്യേകം സ്ഥാപിതമായ കന്യാസ്ത്രീകളുടെ സഭകളുണ്ട്.

കന്യാസ്ത്രീകളാണു് മറുനാടുകളിലുള്ള മാനസാന്തരം അധികമായി നടത്തുന്നതു്. അവരുടെ ആശുപത്രികളും വൃദ്ധമന്ദിരങ്ങളും നിറച്ചു രോഗികളുണ്ടു്. ഈ രോഗികൾ മിക്കവാറും എല്ലാവരുംതന്നെ അന്ത്യവേളയിൽ ജ്ഞാനസ്നാനം സ്വീകരിച്ചാണു മരിക്കുന്നതു്. കന്യാസ്ത്രീകളുടെ സന്മാതൃകയും ഔദാര്യപ്രവൃത്തികളും അക്രൈസ്തവർ സത്യമതം ഗ്രഹിക്കുന്നതിനും അതിനെ അവലംബിക്കുന്നതിനും ശക്തിമത്തായ പ്രേരകങ്ങൾ തന്നെ. കന്യാസ്ത്രീകളുടെ മുഖ്യമായ സമ്പാദ്യം അനാഥരായ ശിശുക്കളാണു്. അവർക്കായിട്ടുള്ള സ്ഥാപനങ്ങൾ ഒട്ടും കുറവല്ല. ഇതിനും പുറമെ, കന്യാസ്ത്രീകൾ രണ്ടും മൂന്നുംപേർകൂടി അടുത്തും അകലെയുമുള്ള ഗ്രാമങ്ങൾ സന്ദർശിക്കും. കാളവണ്ടിയിൽ വിദൂരഗ്രാമങ്ങളിലേക്കു പോയാൽ ഒന്നും രണ്ടും അതിലധികവും ആഴ്ചകൾ കഴിഞ്ഞാണു് അവർ തിരിച്ചു വരുന്നതു്. ഈ ദിവസങ്ങൾക്കിടയിൽ അവർ മാമ്മോദീസാ മുക്കിയ കുട്ടികളുടെ എണ്ണം ചിലപ്പോൾ ആയിരത്തോളമായിരിക്കും. ഇതിൽ അതിശയോക്തിയുണ്ടെന്നു വിചാരിക്കരുതു്. ഇൻഡ്യയിൽ ആണ്ടുതോറും മരിച്ചുപോകുന്ന ശിശുക്കളുടെ സംഖ്യ എത്രയും ഭീമമായ ഒന്നാണു്. ജീവിക്കുകയില്ലെന്നു ഏകദേശം നിശ്ചയമുള്ളപ്പോൾമാത്രമേ കന്യാസ്ത്രീകൾ ശിശുക്കൾക്കു ജ്ഞാനസ്നാനം നല്കുകയുള്ളൂ. മറുനാ കൊടുക്കുന്നുവെന്നുള്ള ഭാവത്തിൽ രഹസ്യത്തിലാണു് ഇ

പ്രകാരമുള്ള ജ്ഞാനസ്നാനങ്ങൾ. രഹസ്യമായിട്ടല്ലെങ്കിൽ പല പ്പോഴും മാതാപിതാക്കന്മാർ സമ്മതിച്ചില്ലെന്നുവരാം. രഹസ്യ മായാലും പരസ്യമായാലും ശരീരത്തിന്റെ ആരോഗ്യം ആ ത്മാരോഗ്യത്തിനും നിത്യജീവിതത്തിനും കാരണമായിത്തീരുന്ന അവസരങ്ങൾ അനേകമത്രെ.

മരണാപകടത്തിൽ മാമ്മോദീസാ

മരണാപത്തിലും മരണവേളയിലും ജ്ഞാനസ്നാനം സ്വീക രിക്കുന്നവർ മിഷൻ രാജ്യങ്ങളിൽ ധാരാളംപേരുണ്ട്. ഇവരിൽ വലിയ പങ്കും ജാതിസംബന്ധമായും മറ്റുമുള്ള വിഷമതകൾ ഭ യന്നു ജ്ഞാനസ്നാനം അന്ത്യവേളവരെ നീട്ടിവെയ്ക്കുന്നവരാണു് ഇങ്ങനെ നീട്ടിവെയ്ക്കുന്നവർക്കു് അതു കിട്ടാതെയും വരുന്നുണ്ടു് കുഞ്ഞുങ്ങൾക്കു മരണാവസരത്തിൽ മാമ്മോദീസാ നല്കുക അത്ര വിഷമമുള്ള കാര്യമല്ല. വൈദികന്മാരുടേയും കന്യാസ്ത്രീകളുടേ യും ഉപദേശികളുടേയും തീക്ഷ്ണതയുടെ ഫലമായി നാനാജാതി മതസ്ഥരായ അനേകായിരം ശിശുക്കൾ എല്ലാക്കൊല്ലവും ജ്ഞാ നസ്നാനം സ്വീകരിച്ചു മരണം പ്രാപിക്കുന്നുണ്ടു്.

അന്ത്യകൂദാശകൾ

അന്ത്യകൂദാശകൾ സ്വീകരിച്ചു വിശ്വാസികൾ നല്ല മര ണംപ്രാപിച്ചുകാണുക മിഷനറിമാർക്കു് എത്രയോ ആശ്വാസപ്ര ദം. ഓരോ ആത്മാവിനുവേണ്ടിയും അദ്ദേഹം കഴിച്ചിട്ടുള്ള അ നേക കഷ്ടതകളുടെ പൂർത്തീകരണവും അന്ത്യഫലവും ഇതുത ന്നെ. അന്ത്യകൂദാശകൾ നല്കുന്നതിനായി സുദീർഘവും ക്ലേശ

കരവുമായ യാത്രകൾ ചിലപ്പോഴെല്ലാം ആവശ്യകമാണു്. നവ വിശ്വാസികൾ ആത്മാവിന്റെ വിലയെ മനസ്സിലാക്കുന്നതിനു് ഈ കഷ്ടതകൾ വളരെ സഹായിക്കുന്നു. നിവൃത്തിയുള്ളപ്പോഴെല്ലാം മിഷനറിതന്നെ ശവസംസ്ക്കാരവും നടത്തുന്നു. അല്ലാത്തപ്പോൾ ഉപദേശി നടത്തുകയാണു പതിവു്.

മിഷനറിമാർ ഗ്രാമങ്ങളിൽ.

വിവിധസാഹചര്യങ്ങൾക്കനുസൃതമായ ജീവിതം മിഷനറിമാക്കാവശ്യമാണു്. ഭക്ഷണത്തിലും ഇരിപ്പിലും കിടപ്പിലും എന്നല്ലാ പല വിഷയങ്ങളിൽ മിഷനറിമാർ ദേശാചാരങ്ങൾക്കനുസരണമായി പ്രവർത്തിക്കാറുണ്ടു്. തങ്ങളുടെ സ്വദേശത്തെ ജീവിതരീതിയും അപരിഷ്കൃതരും അധഃകൃതരുമായ ജനങ്ങളുടെ ഇടയിലുള്ള ജീവിതരീതിയും തമ്മിൽ അജഗജാന്തരമുണ്ടെന്നിരുന്നാലും തൃപ്തിയോടും സന്തോഷത്തോടുംകൂടി അവർ കാലംകഴിക്കുന്നു.

1. താമസം. ഗ്രാമങ്ങളിലായിരിക്കുമ്പോൾ മിഷനറിമാരുടെ സാധാരണ താമസസ്ഥലം ഗ്രാമവിദ്യാലയമാണു്. വിദ്യാലയമില്ലാത്ത സ്ഥലങ്ങളിൽ എവിടെയെങ്കിലും ഒരു വീടോ ശാലയോ (ആരുടെയെങ്കിലും വരാന്തയോ) ലഭിച്ചുവെന്നുവരാം. ക്രൂടാരങ്ങൾ നിർമ്മിച്ചും താമസിക്കാറുണ്ടു്.

2. ദിവ്യപൂജ. ഓരോ മിഷനറിവൈദികന്റേയും ഭരണത്തിൽ പല ഗ്രാമങ്ങൾ ഉൾപ്പെട്ടുന്നതുകൊണ്ടു് അവ ഓരോന്നിലും മാറിമാറിയാണു് കർബാന ചൊല്ലുന്നതു്. കർബാന ചൊല്ലു

വാൻ പോകുമ്പോൾ അതിനുവേണ്ട സാമാനങ്ങളെല്ലാം കൂട്ടത്തിൽ കൊണ്ടുപോകയാണു പതിവു്. അതിനു പൂജാസാമാനങ്ങൾ അടങ്ങിയതും ഒരു പീഠമായി രൂപാന്തരപ്പെടുത്താവുന്നതുമായ പൂജപ്പെട്ടികൾ ഉപയോഗിക്കപ്പെടുന്നു. മിക്കഗ്രാമങ്ങളിലും പള്ളികളോ കപ്പേളകളോ ഉണ്ടായിരിക്കുകയില്ല. ഇവയുടെ അഭാവത്തിൽ, പൂജയപ്പിക്കുന്നതു് ഗ്രാമങ്ങളിലെ സ്കൂളുകളിൽത്തന്നെയായിരിക്കും. സ്കൂൾപോലുമില്ലാത്ത ഗ്രാമങ്ങളിൽ പുറത്തെവിടെയെങ്കിലും ഒരു മേശയൊ, (അതുമില്ലെങ്കിൽ കട്ടിലൊ) ഇട്ടു് ദിവ്യബലി സമർപ്പിക്കുകയും പതിവാണു്. ഏതു സ്ഥലത്തും, വെളിംപ്രദേശത്തുപോലും ദിവ്യബലി അർപ്പിക്കുന്നതിനു് മിഷനറിമാക്കനുമതിയുണ്ടു്.

കുർബാന സമയത്തു് ഉപദേശി പ്രാർത്ഥനപ്പുസ്തകത്തിലെ ജപങ്ങൾ ഉച്ചത്തിൽ വായിക്കുന്നു. ഇടയ്ക്കിടക്കു് എല്ലാവരുംകൂടി ഭക്തഗാനങ്ങൾ ആലപിക്കും. പാട്ടുകൾക്കു് മട്ടളം, കൈമണികൾ മുതലായ താളങ്ങൾ ഉപയോഗിക്കുന്നതും ചുരുക്കമല്ല. കുർബാന കഴിഞ്ഞശേഷമോ അതിനു മുൻപോ വൈദികൻ ഉപദേശം പറയുന്നു. ഉപദേശി പ്രസംഗിക്കുന്ന പതിവും ഇല്ലാതില്ല. ദിവ്യപൂജയും പ്രസംഗവും വേദോപദേശവും കഴിഞ്ഞ ശേഷം ജനങ്ങൾ തിരിച്ചുപോകുന്നു.

കുർബാനയുടെ സമയം സാഹചര്യങ്ങളനുസരിച്ചു വ്യത്യാസപ്പെട്ടിരിക്കും. ഇൻഡ്യൻ മിഷനറിമാർ ഒട്ടുമുക്കാലും സാധുക്കളുടെ ഇടയിൽ വേലചെയ്യുന്നവരാണല്ലൊ. വേല ധാരാളമുള്ള കാലങ്ങളിൽ ഈസാധുക്കൾ സൂര്യോദയത്തിനു മുൻപുതന്നെ പണിസ്ഥലങ്ങളിലേക്കു പുറപ്പെടും. തന്മൂലം ദിവ്യപൂജ നേരംവെളു

ക്കുന്നതിനു മുൻപു കഴിഞ്ഞിരുന്നാൽ മാത്രമെ അതിൽ സംബന്ധിക്കുവാൻ ആളുകൾ ഉണ്ടായിരിക്കുകയുള്ളു. ആളുകൾ താമസിച്ചുവേലക്കു പുറപ്പെട്ടാൽ കൂലി നഷ്ടപ്പെട്ടും .കൂലി പോയാൽ ഭക്ഷണത്തിനു നിവ്വാഹമില്ലെന്നും വരും. കർബാന ചൊല്ലുന്നതിനായി രാത്രി രണ്ടു മണിക്കു്, അല്ലെങ്കിൽ മൂന്നുമണിക്കു് എഴുന്നേല്ക്കുവാൻ ഈ വിവരങ്ങളെഴുതുന്നയാൾതന്നെ പലപ്പോഴും നിർബ്ബന്ധിതനായിട്ടുണ്ടു്.

യാത്ര ചെയ്യുന്ന അവസരങ്ങളിലും മറ്റും നിശ്ചിത സ്ഥലത്തു് സമയത്തു ചെന്നുചേരുവാൻ സാധിക്കാതെ കുർബാന താമസിച്ചുപോകാനും ഇടയുണ്ടു്. ഞായറാഴ്ച ക്രിസ്ത്യാനികൾ കൂടുതലുള്ള ഗ്രാമങ്ങളിലാണു് സാധാരണ കുർബാന ചൊല്ലുന്നതു്. ഇങ്ങനെയുള്ള ഗ്രാമങ്ങൾതന്നെ ഒരു വൈദികന്റെകീഴിൽ പലതുണ്ടായിരിക്കും. തന്മൂലം, ഒന്നോ രണ്ടോ ചിലപ്പോൾ അതിലധികമോ മാസങ്ങൾക്കിടയിൽ മാത്രമാണു് ഒരു ചുറ്റു് എത്തിവരുന്നതു്.

തന്റെ കീഴിലുള്ള ആളുകൾക്കു് വി. ക്രുദാശകൾ നല്കുകയെന്നുള്ളതാണു് ഒരു മിഷനറിവൈദികന്റെ കടമകളിൽ പ്രധാനം. വിദൂരസ്ഥങ്ങളായ പല ഗ്രാമങ്ങളുടെ മേൽനോട്ടമുള്ള ഒരാൾക്കു നിവർത്തിക്കുവാൻ എത്ര വിഷമമുള്ള കൃത്യമാണു് ഇതെന്നു് ഊഹിച്ചാലും! ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ക്രുദാശകളുടെ സ്വീകരണം അവർക്കു വളരെ സന്തോഷകരംതന്നെ. ക്രുദാശാകർമ്മങ്ങൾ, അവയ്ക്കുപയോഗിക്കുന്ന വസ്തുക്കൾ മുതലായവ പുതുക്രിസ്ത്യാനികൾക്കു വളരെ ആകർഷകമാണു്.

3. കുമ്പസാരം. കുമ്പസാരമെന്ന ക്രുദാശജ്ഞാനസ്നാനം

പോലെ അത്ര ആഹ്ലാദപ്രദമല്ല. ഈ ക്ലേശയുടെ വിഷയത്തിൽ മിഷനറിയും നവവിശ്വാസികളും ആത്മനിഗ്രഹം പരിശീലിക്കേണ്ടതുണ്ട്. കുമ്പസാരത്തിനായി പുതുക്രിസ്ത്യാനികളെ ഒരുക്കുകയും അവരുടെ കുമ്പസാരം കേൾക്കുകയും ചെയ്യുന്നകാര്യത്തിൽ ഒരു വൈദികൻ അനുഭവിക്കേണ്ടിവരുന്ന വിഷമത വളരെ വലുതാണു്. തന്റെപാപങ്ങളെ മറ്റൊരാളോടു പറയുകയെന്നതു പുതുതായി ജ്ഞാനസ്നാനം സ്വീകരിച്ച ഒരാൾ അതിനു മുൻപു് ഒരിക്കലും ചെയ്തിട്ടില്ലാത്തതാണല്ലോ. മതകാര്യങ്ങളെക്കുറിച്ചു് പഠിക്കുന്നതിനുമുൻപു് ഇങ്ങനെ ഒരുകാര്യം അയാൾ ഊഹിക്കുകപോലും ചെയ്തിട്ടില്ല. ഇപ്രകാരമുള്ള ഒരാളിൽ കുമ്പസാരത്തിനാവശ്യകമായ ഒരു മനഃസ്ഥിതി വരുത്തുക പ്രയാസമേറിയതുതന്നെ. മറ്റു വൈദികന്മാരില്ലെങ്കിൽ തന്നോടുതന്നെ കുമ്പസാരിക്കേണമെന്നു വൈദികൻ ഉപദേശിക്കേണ്ടതായും വരുന്നു. മുതിർന്നയാളുകൾ ജ്ഞാനസ്നാനം സ്വീകരിക്കുമ്പോൾ മതകാര്യങ്ങൾ അല്പമായിട്ടു മാത്രമെ പഠിച്ചിട്ടുണ്ടായിരിക്കുകയുള്ളു. കുമ്പസാരത്തിനു വരുന്നവർ വേണ്ട അറിവും പരിചയവും ഇല്ലാത്തവരാണെങ്കിൽ ഓരോരുത്തരേയും ഒരുക്കി ഫലപ്രദമായ വിധത്തിൽ ആ ക്ലേശ നല്കുക എത്ര വലിയ കഷ്ടപ്പാടാണെന്നു് അതു് അനുഭവിച്ചിട്ടുള്ളവർക്കേ അറിഞ്ഞുകൂടൂ. ഒരിക്കലും കുമ്പസാരിച്ചിട്ടില്ലാത്ത ആളുകൾക്കു് തങ്ങളുടെ പാപങ്ങളെ വെളിപ്പെടുത്തുകയെന്നതും അത്ര എളുപ്പമല്ല. എന്നാൽ പ്രത്യേകമായ ദൈവാനുഗ്രഹം എല്ലാം സാദ്ധ്യമാക്കിത്തീർക്കുന്നു. വളരെ സങ്കടങ്ങൾ സഹിച്ചിട്ടെങ്കിലും നഷ്ടപ്പെട്ടപോയ ആടുകളെ അന്വേഷിച്ചു കണ്ടുപിടിച്ചു് രക്ഷാമാർഗ്ഗത്തിലാക്കുമ്പോൾ മിഷനറി സന്തോഷിക്കുകതന്നെ ചെയ്യുന്നു.

4. ഭക്ഷണം. ഭക്ഷണസംബന്ധമായി മിഷനറിമാർ അനു

51250

വധി കഷ്ടതകരം സഹിക്കുന്നുണ്ട്. ഗ്രാമങ്ങളിൽ സഞ്ചരിക്കുമ്പോരം ശരിയായ ഭക്ഷണം ലഭിക്കുക വളരെ വിഷമമാണ്. ഇൻഡ്യൻഗ്രാമങ്ങളിൽ സാധാരണകിട്ടുന്ന കറിസാധനം പരിപ്പൊന്നുമാത്രമാണ്. ഭക്ഷണം പാകപ്പെടുത്തുന്നതിനു ആവശ്യകമായ സ്ഥലസൗകര്യാദികരം സുലഭമല്ല. ക്ലിപ്തസമയത്തു് ഭക്ഷണം കിട്ടുകയും എളുപ്പമല്ല. യാത്രാമദ്ധ്യേ ഭക്ഷണം കിട്ടിയില്ലെന്നും വരാം. കുടിക്കുവാനുള്ള വെള്ളവും സാധാരണ വളരെ അശുദ്ധമായിരിക്കും. ഗ്രാമങ്ങളിൽ കിണറുകരം തുലോം ചുരുക്കമാണ്. വിവിധാവശ്യങ്ങരംക്കായി ഉപയോഗിക്കുന്ന ഒരു കുളമോ അല്ലെങ്കിൽ ഒരു തോടോ ആയിരിക്കും കുടിക്കുവാനുള്ള വെള്ളത്തിനു ആധാരമായിട്ടുള്ളതു്. അശുദ്ധമായ വെള്ളം കുടിക്കുക നിമിത്തം ഗ്രാമവാസികരം പലവിധത്തിലുള്ള രോഗങ്ങരംക്കു് ഇരയായിത്തീരുന്നു.

5. ദിനചര്യ. നിശ്ചിതസമയത്തു് ക്രമമായ ദിനചര്യ മിഷനറിമാക്കു സുസാധ്യമല്ല. ജനങ്ങളുടെ ആവശ്യമനുസരിച്ചു ഓരോ ഗ്രാമത്തിലും ദിവ്യപൂജയുടെ സമയം വ്യത്യാസപ്പെട്ടിരിക്കും. ആത്മികവും ശാരീരികവുമായ ആവശ്യങ്ങരംക്കായി ജനങ്ങരം ഏതു സമയവും വന്നുകൊണ്ടിരിക്കുന്നതിനാൽ സ്വന്തമായിട്ടുള്ള ഭക്ത്യനുഷ്ഠാനങ്ങളും കൃത്യസമയത്തു നടന്നില്ലെന്നുവരാം. ദിനകൃത്യങ്ങരം കഴിഞ്ഞു് വൈകുന്നേരം ജനങ്ങരം സപ്രഹങ്ങളിൽ തിരിച്ചെത്തിയതിനുശേഷമാണ് മിഷനറിമാരുടെ അടിയന്തിരജോലികരം ആരംഭിക്കുക. ക്രിസ്ത്യാനികളെ ഉപദേശിക്കുക, കുദാശകരം നല്കുക, കേസ്സുകരം തീർക്കുക ഇത്യാദി കൃത്യങ്ങളിൽ രാത്രി പത്തുപതിനൊന്നുമണിവരെ ജനങ്ങളോടുകൂടി മിഷനറിമാർ കഴിച്ചുകൂട്ടേണ്ടിവരും.

DHARMARAM COLLEGE LIBRARY
BANGALORE-29.

മിഷനറി വിവിധനിലകളിൽ

1. സമുദായോദ്ധാരകൻ. "സാധുക്കൾക്കു സുവിശേഷം പ്രസംഗിക്കപ്പെടുന്നു" എന്ന വേദവാക്യം ഇൻഡ്യയെ സംബന്ധിച്ചിടത്തോളം പ്രത്യക്ഷരം ശരിതന്നെ. നിർഭാഗ്യരായ അധഃകൃതരുടെയിടയിൽ സുവിശേഷവേല പുരോഗമിക്കുന്നതിനും അവരുടെ വിശ്വാസം ദൃഢീകരിക്കുന്നതിനും അവരുടെ നിർഭാഗ്യാവസ്ഥയ്ക്കു പരിഹാരമാർഗ്ഗംകൂടി മിഷനറിമാർ അന്വേഷിക്കുന്നതു വളരെ പ്രയോജനകരമായിരിക്കും. ഈ കാരണത്താൽ പണിയില്ലാത്തവർക്കു പണികൾ അന്വേഷിച്ചു കൊടുക്കുക, ഭൂമി സമ്പാദിച്ചു കൊടുത്തു് കൃഷി ചെയ്യിക്കുക; കൈത്തൊഴിലുകൾ പരിശീലിപ്പിക്കുക, പരസ്പരസഹായസംഘങ്ങൾ ഏർപ്പെടുത്തുക മുതലായവ മിഷനറിമാരുടെ പ്രവർത്തനപരിധിയിൽപ്പെടുന്നു.

2. സാധുജനസംരക്ഷകൻ. മിഷനറി അനേക സാധുക്കളുടെ ആദ്ധ്യാത്മിക പിതാവാണു്. ഈ സാധുക്കൾ ലൗകിക വിഷയങ്ങളിൽക്കൂടിയും ആദ്ധ്യാത്മിക പിതാവായ മിഷനറിയെ ആശ്രയിക്കുന്നു. ശാരീരികമായ സഹായങ്ങൾ പരോപകാരകൃത്യങ്ങളാകയാലും ആദ്ധ്യാത്മിക കർത്തവ്യങ്ങളെ അനല്പമായി സഹായിക്കുന്നതിനാലും മിഷനറിമാർ സാധുക്കളായ ക്രിസ്ത്യാനികൾക്കു ഈവിധ സഹായങ്ങളും കഴിയുന്നത്ര ചെയ്തുകൊണ്ടാണിരിക്കുന്നതു്. വീടുകൾവയ്ക്കുന്നതിനുള്ള സ്ഥലങ്ങൾ, കൃഷിക്കുള്ള ഭൂമി, ശുദ്ധജലത്തിനാവശ്യകമായ കിണറുകൾ, വിദ്യാഭ്യാസത്തിനു സ്കൂളുകൾ, ബോർഡിംഗുകൾ ഇത്യാദി സഹായങ്ങൾ മിഷനറിമാർമൂലം ക്രിസ്ത്യാനികൾക്കു ഗവണ്മെൻറിൽനിന്നു ലഭിക്കുന്നുണ്ടു്. ക്രിസ്ത്യാനികളെ ഇതരമതസ്ഥർ ഉപദ്രവിക്കുമ്പോൾ

അവരെ സംരക്ഷിക്കുക എന്നതും വലിയ ഒരനുഗ്രഹംതന്നെ. ഈ വിധ സഹായങ്ങൾക്കായി ഗവണ്മെൻറുദ്യോഗസ്ഥന്മാരെ പലപ്പോഴും ആശ്രയിക്കേണ്ടതായും അനേകമെഴുത്തുകുത്തുകൾ നടത്തേണ്ടതായും വരും.

3. വിദ്യാഭ്യാസപ്രവർത്തകൻ. വിദ്യാഭ്യാസാഭിവൃദ്ധിയും തന്മൂലമുളവാകുന്ന മതാഭിവൃദ്ധിയും ഉദ്ദേശിച്ചു കഴിയുന്നത്ര എല്ലാ ഗ്രാമങ്ങളിലും മിഷനറിമാർ പ്രാഥമിക പാഠശാലകൾ സ്ഥാപിക്കാറുണ്ട്. അവയിൽ ചിലതെല്ലാം ഗവണ്മെൻറംഗീകരണമുള്ളവയും ഗ്രാൻറു ലഭിക്കുന്നവയുമാണ്. അധ:കൃതജാതികൾക്ക് വിദ്യാഭ്യാസവിഷയത്തിൽ അഭിരുചി തീരെ ഇല്ലായ്കയാലും കാലക്ഷേപത്തിനായി ചെറുപ്പംമുതൽ ഉയർന്ന ജാതികളുടെ ദാസ്യപ്രവൃത്തി അവലംബിക്കേണ്ടതായി വരുന്നതിനാലും സ്കൂളിൽ കുട്ടികളെ വരുത്തുകയും സ്കൂൾ നടത്തുകയും ചെയ്യുക വളരെവിഷമമായ വേലതന്നെ.

4. വക്കീൽ. ക്രിമിനൽ, സിവിൽ നിയമങ്ങളിൽ ഒട്ടേറെ പാണ്ഡിത്യം മിഷനറിമാർക്ക് ആവശ്യകമാണ്. ക്രിസ്ത്യാനികൾക്കു കേസ്സുകൾ ധാരാളമുണ്ട്. തങ്ങളുടെ കേസ്സുകളിൽ ഉപദേശങ്ങൾ നല്കുന്നതിനോ, വാദിക്കുന്നതിനോ ആദ്യമായി അവർ സമീപിക്കുന്ന വക്കീൽ മിഷനറിയാണ്. കേസ്സിൻെറ ചെലവും കൂടി ഈ വക്കീൽതന്നെ കൊടുക്കണമെന്നും ആവശ്യപ്പെടാറുണ്ട്. സാധുക്കളായ അക്രൈസ്തവർ ക്രിസ്തുമതത്തെ അറിയുന്നതിനും ആശ്രയിക്കുന്നതിനും ഈ വക്കീൽപണി പലപ്പോഴും പ്രേരകമായിത്തീരുന്നു.

5. വൈദ്യൻ. മിഷനറി മെഡിക്കൽ ജോലിയും ഏറെക്കു

റെ അഭ്യസിച്ചിരിക്കുക അത്യാവശ്യമാണു്. നമ്മുടെകർത്താവി
നെ അവിടുത്തെ പരസ്യജീവിതത്തിനിടയിൽ നാനാവിധരോ
ഗികളും സമീപിച്ചിരുന്നതുപോലെ മിഷനറിമാരുടെ അടുത്തും
രോഗികളും ധാരാളമായിക്കൂട്ടുക പതിവാണു്. രോഗപരിചര
ണം ആത്മാരോഗ്യത്തിനു വഴിതുറക്കുന്നതിനാൽ രോഗശുശ്രൂഷ
യിൽ മിഷനറിമാർ അത്യുത്സാഹം പ്രദർശിപ്പിക്കുകതന്നെ ചെ
യ്യുന്നു. ഗ്രാമങ്ങളിൽ സഞ്ചരിക്കുമ്പോൾ സാധാരണരോഗങ്ങൾക്കു
ള്ള മരുന്നുകളും മിഷനറിയുടെ കൈവശമുണ്ടായിരിക്കണം.
ജനങ്ങൾക്കു രോഗശുശ്രൂഷയിലുള്ള അജ്ഞതമൂലവും ഔഷധ
ങ്ങളുടെ അഭാവംമൂലവും ഗ്രാമങ്ങളിൽ മരണം പ്രാപിക്കുന്നവരു
ടെ സംഖ്യ വളരെ വലുതാണു് തന്മൂലം മിഷനറിയുടെമെഡി
ക്കൽ ജോലി എത്രമാത്രം പ്രാധാന്യമർഹിക്കുന്നുതാണെന്നു ഊ
ഹ്യമാണല്ലോ.

ശത്രുക്കളും വിഷമതകളും

1. ശത്രുവായ പിശാചു്. ക്രിസ്തുരാജ്യപ്രചരണത്തിനു അ
നേകശത്രുക്കളെ ജയിക്കേണ്ടതുണ്ടു്. ഒന്നാമത്തെ ശത്രു പിശാ
ചുതന്നെ. തന്റെ ഭരണം നഷ്ടമാകുന്നുവെന്നുകണ്ടു് കഴിയുന്ന
വിഷമതകളെല്ലാം അവൻ ഉളവാക്കുക സാധാരണമാണു്. പു
തിയ ഗ്രാമങ്ങളിൽ ജോലി ആരംഭിക്കുമ്പോൾ ഈ വിഷമതകൾ
കൂടുതലായി പ്രത്യക്ഷപ്പെടും. എല്ലാവിധ കഷ്ടനഷ്ടങ്ങളും പി
ശാചുക്കളുടെ ഉപദ്രവംമൂലം ഉണ്ടാകുന്നുവെന്നു് അക്രൈസ്തവർ
വിശ്വസിക്കുന്നു. ദേവതകളുടെസേവ ഉപേക്ഷിക്കുന്നതുനിമിത്തം
അവരുടെ കോപത്തിനു ക്രിസ്ത്യാനികൾ പാത്രമാകുന്നുവെന്നും
തന്മൂലം അവർക്കു് കഷ്ടതകളും ദുരിതങ്ങളും സംഭവിക്കുന്നുവെന്നും

മാണു് ഹിന്ദുക്കളുടെ ധാരണ. ഈ മൂഢവിശ്വാസംമൂലം കത്തോലിക്കാ സഭയെ അശ്ലേഷിക്കാത്തവർ ധാരാളമുണ്ടു്. അതേകാരണത്താൽ സത്യവിശ്വാസത്തെ ഉപേക്ഷിക്കുന്നവരും ഇല്ലാതില്ല. നിദ്രയിൽ പിശാചു ബാധിക്കുന്നുവെന്നും ചീത്ത സ്വപ്നങ്ങൾക്കിടയാക്കുന്നുവെന്നും മറ്റുമുള്ള അബദ്ധോപദേശകരായ പുതുക്രിസ്ത്യാനികളുടെയിടയിൽ സാധാരണമത്രെ. കോളറാ, മസൂരി മുതലായ രോഗങ്ങൾ പിശാചുക്കൾ നിമിത്തം ഉണ്ടാകുന്നുവെന്നാണു് ഹിന്ദുക്കൾ കരുതുന്നതു്. ഉപദ്രവങ്ങൾ സംഭവിക്കാതിരിക്കുവാൻ കാണിക്കകൾ, ബലികൾ മുതലായവകൊണ്ടു് പിശാചുക്കളെ പ്രസാദിപ്പിക്കുവാൻ അവർ ശ്രമിക്കുന്നു. പിശാചുബാധ ഒഴിക്കുന്നതിനുള്ള മന്ത്രതന്ത്രങ്ങളും കാലക്ഷേപമാർഗ്ഗമായി അവയെ ഉപയോഗിക്കുന്ന മാന്ത്രികരും ഒട്ടും കുറവല്ല. അല്പവിശ്വാസികളായ പുതുക്രിസ്ത്യാനികൾ ഈവക മൂഢവിശ്വാസങ്ങൾക്കു വിധേയരാകാതിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഇതിനു തുടരെയുള്ള ഉപദേശവും ശാസനയും അത്യാവശ്യമാണു്. വിവാഹാവസരങ്ങളിലും, ശവസംസ്ക്കാരങ്ങളിലും ഗ്രാമദേവതോത്സവദിനങ്ങളിലും നടത്തപ്പെടുന്ന അക്രൈസ്തവ കർമ്മങ്ങളിൽ ഭാഗഭാക്കുകളാകുന്ന ചില ക്രിസ്ത്യാനികളോടു് ഒരു യുദ്ധംതന്നെ ആവശ്യമായെന്നും വരാം.

2. ഭാഷകളുടെ ബഹുലത. മൂന്നും നാലും നാട്ടുഭാഷകൾ ഉപയോഗത്തിലിരിക്കുന്ന മിഷൻ രംഗങ്ങൾ ഇൻഡ്യയിൽ കുറവല്ല. ഈ മുഖ്യഭാഷകൾക്കു പുറമെ ഓരോ ജാതിക്കും പ്രത്യേക സംസാരഭാഷ ഉണ്ടായെന്നും വരാം. മുഖ്യഭാഷകളിൽ ഒന്നോ രണ്ടോ ഓരോ മിഷനറിയും അഭ്യസിച്ചിരിക്കുക അത്യാവശ്യമാണു്.

3. വിവാഹവൈഷമ്യങ്ങൾ: അക്രൈസ്തവരുടെയിടയിൽ കാണുന്ന വിവാഹസംബന്ധമായ കഴപ്പുങ്ങൾ സത്യവിശ്വാസപ്രചരണത്തിനും, നിലനില്പിനും ശക്തിയേറിയ പ്രതിബന്ധങ്ങളാണ്. പല ഗ്രാമങ്ങളിലും രണ്ടും മൂന്നും ഭാഷ്യമാരുള്ളവരേയും കാണാം. ഭർത്താവു് ഭാഷ്യയേയും ഭാഷ്യ ഭർത്താവിനേയും നിസ്സാരകാരണങ്ങളാൽപ്പോലും ഉപേക്ഷിച്ചിട്ടു് മറു വിവാഹബന്ധങ്ങളിൽ ഏർപ്പെടുക സാധാരണമാണ്. വളരെ ചെറുപ്പത്തിലേയുള്ള വിവാഹമാണ് ഈ അനിഷ്ടഫലങ്ങൾക്കുള്ള പ്രധാനകാരണം. ഇപ്രകാരമുള്ള സ്ഥിതിഗതികൾ സുവിശേഷപ്രചരണത്തിനു എത്രമാത്രം പ്രതിക്രൂലമാണെന്നു പറയേണ്ടതില്ലല്ലോ.

വിവാഹസംബന്ധമായ സഭാനിയമങ്ങൾ കൃത്യമായി അനുസരിക്കുന്നതിനു പുതുക്രിസ്ത്യാനികൾ അനേക കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടതായിട്ടുണ്ടു്. മിഷൻ ദേശങ്ങളിൽ കത്തോലിക്കരുടെ എണ്ണം തുലോം കുറവാകയാൽ അവരുടെ ഇടയിൽത്തന്നെ ക്രമപ്രകാരമുള്ള വധൂവരന്മാരെ കാണുക വളരെ വിഷമമാണു്, ജാതിഭേദം ഈവിധ വിഷമതകളെ പതിന്മടങ്ങു വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത്തരം വിഘ്നങ്ങൾക്കിടയിൽ പ്രചരണവേല നടത്തുകയും വിശ്വാസത്തെ സംരക്ഷിക്കുകയും ചെയ്യുന്നതിനു മിഷനറിമാർ അനുഭവിക്കേണ്ടിവരുന്ന സങ്കടങ്ങൾ വിവരിക്കുക എളുപ്പമല്ല. ധാരാളമായ ദൈവാനുഗ്രഹമില്ലെങ്കിൽ സഹിച്ച പീഡകളും ചെയ്ത വേലകളും വൃഥാ ആയിപ്പോകാനിടയുണ്ടു്.

4. നാനാവിഷമതകൾ. പീഡകൾ സഹിച്ചുകൊണ്ടു് നമ്മുടെ കർത്താവു് രക്ഷാകൃത്യം നിറവേറ്റിയതുപോലെ ഈ രക്ഷാകൃത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിയും അനേകം കഷ്ടത

കൾ സഹിക്കേണ്ടതായിട്ടുണ്ട്. യാത്രാക്ലേശങ്ങൾ, താമസത്തിലും ഭക്ഷണത്തിലുമുള്ള അസൗകര്യങ്ങൾ, ശീതോഷ്ണാവസ്ഥയുടെ ഉഗ്രത എന്നിങ്ങനെ മിഷനറിമാർക്ക് അനുഭവപ്പെടുന്ന പ്രയാസങ്ങളെക്കുറിച്ച് ഇതിനകം പ്രസ്താവിച്ചു കഴിഞ്ഞു. ആരോഗ്യം മിഷൻജോലിക്കത്യന്താപേക്ഷിതമാണെന്നിരുന്നാലും മിഷനറിമാർ രോഗബാധിതരായിത്തീരുക അസാധാരണമല്ല. അശുദ്ധജലം, രുചിക്കാത്ത ഭക്ഷണം, വൃത്തിഹീനമായ സ്ഥലസാഹചര്യങ്ങൾ, ക്രമാതീതമായ ക്ലേശങ്ങൾ എന്നിവയാണ് സുഖക്കേടുകളുടെ സാധാരണ ഹേതുക്കൾ.

മനോദുഃഖങ്ങളും മിഷനറിമാർ ഒട്ടധികം അനുഭവിക്കാതെ ഗത്യന്തരമില്ല. തങ്ങളുടെ പരിശ്രമങ്ങൾക്ക് വളരെ കഷ്ടപ്പെട്ട ജോലിചെയ്യുന്നിടത്തുപോലും, തക്കഫലം കാണാതിരിക്കുക, ക്രിസ്ത്യാനികൾ വിശ്വാസപരമായി ജീവിക്കാതിരിക്കുക, നിസ്സാരകാരണങ്ങളാൽ അവർ അവിശ്വാസത്തിനു വിധേയരാകുക, ചെയ്തുകൊടുത്ത ഉപകാരങ്ങൾക്കു കൃതഘ്നതമാത്രം ലഭിക്കുക, ഉയന്ന ജാതിക്കാരാൽ ഞെരുക്കപ്പെടുന്ന സാധുക്കളായ ക്രിസ്ത്യാനികൾ സഹായത്തിനായി ഓടിവരുമ്പോൾ ഉടനടി അവർക്കു സഹായം നല്കുന്നതിനുള്ള മാർഗ്ഗങ്ങൾ കാണാതിരിക്കുക, ശരിയായ ഉപദേശികളില്ലാത്തതിനാൽ ജോലി നടക്കാതിരിക്കുക ആദിയായവയെല്ലാം ഒരു മിഷനറിക്ക് അത്യധികമായ മനോവേദന ഉളവാക്കുന്ന കാര്യങ്ങളാണ്. ആവശ്യകമായ സഹായസഹകരണങ്ങളില്ലാത്തതിനാൽ വേദപ്രചാരണത്തിനുള്ള ഉത്തമാവസരങ്ങൾ നഷ്ടീഭവിക്കുന്നതു കാണുന്നതാണ് ഏറ്റവും വലിയ സങ്കടം.

മിഷനറിമാരുടെ ആശ്വാസങ്ങൾ

മിശിഹായുടെ പരസ്യ ജീവിതത്തോടനുരൂപമായ ഒരു ജീവിതം നയിക്കുന്നതിനു സാധിക്കുന്നുവെന്നുള്ളതു് മിഷനറിമാക്കു് എത്രയൊ ആശ്വാസപ്രദമാണു്. സർവ്വപ്രധാനമായ ആത്മരക്ഷാകൃത്യം നിർവഹിക്കുവാൻ താൻ നിമിത്തനായിരിക്കുന്നുവെന്നതും ഏറ്റവും ആനന്ദമാണല്ലൊ. മരണാപകടത്തിൽപ്പെട്ട ഒരുക്രൈസ്തവനു് ജ്ഞാനസ്നാനം നല്കുന്നതിനിടയായ ദിനം തന്റെ ജീവിതത്തിലെ ഏറ്റവും സൗഭാഗ്യപ്രദമായ ദിനമെന്നു ഒരു കത്തോലിക്കൻ ഉൽഘോഷിച്ചുവെങ്കിൽ, ഒരാത്മാവിനെ രക്ഷിക്കുന്നതിനു് ലോകത്തിന്റെ ഒരതിത്തീയിൽനിന്നു മറ്റൊരതിത്തിവരെ പോകേണ്ടിയിരുന്നാലും അതു ലാഭകരമാണെന്നു വി. ശൗവ്വാർ പറഞ്ഞുവെങ്കിൽ, പല ആത്മാക്കളെ രക്ഷിക്കുന്നതിനുള്ള ഭാഗ്യം ഒരു മിഷനറിയെ എത്രമാത്രം ആനന്ദിപ്പിക്കും. മിശിഹായുടെ ജോലിയിൽ പങ്കെടുക്കുകയാൽ മിശിഹായുടെ മഹിമയിലും താൻ പങ്കുകാരനായിത്തീരുമെന്നുള്ള ശരണം ഒരു മിഷനറിക്കു് എത്രയോ ആഹ്ലാദകരം!

സുവിശേഷപ്രചരണം അജ്ഞാനാന്ധകാരത്തെ ഒട്ടേറെ അകറ്റുന്നുവെന്നുള്ളതു് അവിതർക്കിതംതന്നെ. സത്യവേദപ്രകാശം ലഭിച്ചിട്ടില്ലാത്ത സമുദായം എല്ലാവിധവും അധഃപതിതമാണു്. വിഗ്രഹാരാധന, പരദ്രോഹം, അശുദ്ധി, അസത്യം, സ്വാർത്ഥത, ദുർഭാഷണം ഇത്യാദി ദുർഗുണങ്ങൾ കൂടികൊള്ളുന്ന ഗ്രാമങ്ങളിൽ മിഷനറിമാർ പ്രവേശിച്ചു സത്യവേദം പ്രസംഗിക്കുകയും പരോപകാരകൃത്യങ്ങളും സാധുജനസംരക്ഷണവും നിർവ

ഹിക്കുകയും ചെയ്യുന്നു. തൽഫലമായി മാനസാന്തരപ്പെട്ടവർ പഴയ നടപടികളെ പരിത്യജിച്ചു സത്യവിശ്വാസമനുസരിച്ചു് ജീവിക്കുന്നതു കാണുമ്പോൾ അക്രൈസ്തവർ ആശ്ചര്യപ്പെടുകയും വിശ്വാസം സ്വീകരിക്കാത്തവർക്കുടി സന്മാർഗ്ഗപരമായി ജീവിക്കുന്നതിനു പ്രേരിതരാവുകയും ചെയ്യുന്നു. സ്വന്തപരിശ്രമങ്ങളുടെ ഫലമായി പല ഗ്രാമങ്ങളിൽ സത്യവിശ്വാസ ദീപം പ്രകാശിക്കുന്നുവെന്നും വിഗ്രഹാരാധനയിലും അന്ധവിശ്വാസത്തിലും ജീവിച്ചിരുന്നവർ സത്യദൈവത്തെ സേവിക്കുന്നുവെന്നും രക്ഷാമാർഗ്ഗത്തിൽ സഞ്ചരിക്കുന്നുവെന്നുമുള്ള വിചാരം ഒരു മിഷനറിക്കു എത്രയോ ആഹ്ലാദപ്രദം! അറിവില്ലായ്മയാലും സാഹചര്യങ്ങളുടെ വൈപരീത്യത്താലും അല്പവിശ്വാസികളായി ജീവിച്ചിരുന്നവർ ഒടുവിൽ ദൈവാനുഗ്രഹത്താൽ അന്ത്യകൂദാശകർമം സ്വീകരിച്ചു നല്ലമരണം പ്രാപിക്കുന്നതു കാണുക മിഷനറിമാരുടെ ആശ്വാസങ്ങളിൽ പ്രധാനമായ ഒന്നത്രെ

ആദ്ധ്യാത്മിക സന്താനങ്ങളായ ക്രിസ്ത്യാനികൾ പല ഗ്രാമങ്ങളിലും വിശ്വാസപരമായിതന്നെ ജീവിക്കുന്നുവെന്നുള്ളതു ഒരു മിഷനറിക്കു വളരെ ആശ്വാസകരമാണു്. തീരെസാധുക്കളെങ്കിലും തങ്ങളുടെ ആദ്ധ്യാത്മികപിതാക്കന്മാരെ അവർ അല്പമായിട്ടെങ്കിലും സഹായിക്കുന്നുണ്ടു്. ഗ്രാമത്തിലേക്കു പോകേണ്ടതായിട്ടുള്ളപ്പോൾ, ചിലസ്ഥലങ്ങളിൽ, സാമാനങ്ങൾ അവർ മൻകൂട്ടി കൊണ്ടുപൊയ്ക്കൊള്ളും. അതുപോലെതന്നെ ചിലഗ്രാമങ്ങളിൽ അവിടെ താമസിക്കുന്നദിവസങ്ങളിലെ ഭക്ഷണത്തിനായി ഗ്രാമവാസികൾ പിരിവെടുക്കുകപതിവാണു്. അവരുടെ വിധേയത, ആചാരോപചാരങ്ങൾ ആദിയായവ ഒരു മിഷനറിയുടെ മനസ്സിനു ആശ്വാസഹേതുകമല്ലയോ? സാധുക്കളും താഴ്ന്നജാതികളുമെ

ങ്കിലും സത്യവിശ്വാസത്തെ ആശ്ലേഷിക്കുന്നതിനു അനുഗ്രഹമുള്ള വരായി അവരെ കാണുക എത്രയോ സന്തോഷകരം! വിദേശത്താണെങ്കിലും നാട്ടുകാരായ വൈദികന്മാരേയുംസഹോദരന്മാരെയും കന്യാസ്ത്രീകളേയും കൂടെക്കൂടെ കാണുവാൻ സാധിക്കുമെന്നതും ഒരാശ്വാസംതന്നെ.

മിഷനറിമാരുടെ ആവശ്യങ്ങൾ.

മിഷനറിമാരുടെ ആവശ്യങ്ങളിൽ പ്രഥമവും പ്രധാനവുമായതുപ്രാർത്ഥനയാണു്. മിഷനറിമാരിലഗ്രഗണ്യനായ വി. പ്രാൻസിസ്സേവ്യർ, തന്റെ വിജയം യൂറോപ്പിലേ സഹോദരന്മാരുടെ പ്രാർത്ഥനകളുടെ ഫലമാണു് എന്നാണു പറഞ്ഞിരുന്നതു്. നാട്ടിലേ സഹോദരങ്ങൾതീക്ഷ്ണമായ പ്രാർത്ഥനമൂലം സഹായിക്കുന്നെങ്കിൽ, ഗ്രാമങ്ങളിലേ മിഷനറിമാർക്കു് നിശ്ചയമായും ക്രൂതൽ വിജയം സിദ്ധിക്കുന്നതാണു് തുടരെയുള്ള ഉപദേശങ്ങളുടെയും പരിശ്രമങ്ങളുടെയും ശേഷം, ആത്മാക്കൾ മനസ്സുതിരിവിന്റെ യാതൊരു ലക്ഷണവും കാണിക്കാതിരിക്കുമ്പോൾ ദൈവസഹായം ഒന്നു മാത്രമേ ഇനി ശേഷിച്ചിട്ടുള്ളുവെന്നു മിഷനറിമാർ എത്ര പ്രാവശ്യം കരുതാറുണ്ടു്! ഈദൈവസഹായം പ്രാർത്ഥനയും സഹനവും സൽക്രിയകളുംമൂലം നാട്ടിലെ സഹോദരങ്ങൾ ലഭിച്ചുകൊടുക്കുന്നുവെങ്കിൽ അവർ ചെയ്യുന്ന ഉപകാരം വളരെ വിലയേറിയതുതന്നെ. തൻമൂലം അവർ മിഷനറിമാരുടെ സഹപ്രവർത്തകരും ആത്മാക്കളുടെ രക്ഷകരും ആയിത്തീരുന്നു.

മിഷനറിമാരിൽ ഭ്രൂരിപക്ഷവും ദാരിദ്ര്യവ്രതം സ്വീകരിച്ചിട്ടുള്ള സന്ന്യാസികളാണെങ്കിലും പണമിടപാടുകൾ ഒഴിച്ചു വിടുവാൻ

അവക്ക് നിവൃത്തിയില്ല. ദാരിദ്ര്യാരൂപിയോടുകൂടിയും സാക്ഷാൽ ദാരിദ്ര്യമനുഭവിച്ചുകൊണ്ടും, ആത്മാക്കളെരക്ഷിക്കുക എന്നാ ഏറ്റവും വലിയ പരോപകാരകൃത്യത്തിനായി പണവ്യയം അവർ ചെയ്യേണ്ടിവരുന്നു. കപ്പേളകൾ,സ്കൂളുകൾ,ഉപദേശമന്ദിരങ്ങൾ അനാഥശാലകൾ മുതലായവനിർമ്മിക്കയോ അവയ്ക്കാവശ്യകമായ സ്ഥലങ്ങൾ വാങ്ങിക്കുകയോ അവയുടെ കേടുപാടുകൾ തീർക്കുകയോ ചെയ്യുവാൻ ആണ്ടുതോറും വലിയ പണച്ചെലവുണ്ട്. പള്ളിസാമാനങ്ങൾ, കൊന്ത, കാഴ്ചരൂപം മരുന്നുകൾ ആദിയായവ മിഷനിലേ അനുദിനാവശ്യങ്ങളാണ്. ഇങ്ങനെയുള്ളവ സ്വന്തമായും മറ്റുള്ളവരുടെ പക്കൽനിന്നു ശേഖരിച്ചും മിഷനറിമാർക്കയച്ചുകൊടുത്തു അവരെ സന്തുഷ്ടചിത്തരാക്കുന്ന കത്തോലിക്കർ അനേകരുണ്ട്. ഒരു ദേവാലയം പണിയിക്കുക, ഒരു സ്കൂൾ കെട്ടിടം നിർമ്മിക്കുക ഇത്യാദി ചെലവുകൾ വഹിക്കുന്നവരും ഇല്ലാതില്ല. ഓരോ ഗ്രാമത്തിലും ഒരുപദേശിയെങ്കിലുമുണ്ടായിരിക്കും. ഉപദേശിമാരുടെ പ്രതിമാസശമ്പളത്തിനുതന്നെ ഒരു നല്ല സംഖ്യ വേണം. ഉപദേശികളുടെ ശമ്പളം മാസംതോറും കൊടുക്കുന്ന ഉപകാരികളുമുണ്ട്. ഹാ! ഒരുപദേശിയുടെ ശമ്പളത്തിനുള്ള ചെലവുവഹിക്കുന്നതുമൂലം ഇരുപതോ മുപ്പതോ അതിലധികമോകുട്ടികൾ ജ്ഞാനസ്നാനം സത്യസഭയെ ആശ്ലേഷിക്കുവാനിടയാകുന്നുവെന്നു നമ്മുടെ ജനങ്ങൾ മനസ്സിലാക്കിയിരുന്നുവെങ്കിൽ; മിഷനറിമാരുടെ ഭക്ഷണം യാത്ര, സാധുക്കളായ ക്രൈസ്തവരെ സംബന്ധിച്ചുള്ള നാനാവിധ സഹായകൃത്യങ്ങൾ, എന്നിവയെല്ലാം അനുദിനവും പണത്തിന്റെ ആവശ്യത്തെ ഉളവാക്കുന്നു. എത്രയെത്ര ആവശ്യങ്ങൾക്കു് ഏതെല്ലാം വിധത്തിൽ ജനങ്ങൾ ധനസഹായത്തിനായി മിഷനറിയെ വിഷമിപ്പിക്കുന്നുവെന്നു് വിവരിക്കുകയാണെങ്കിൽ ഒരു പുസ്തകം അതിനു തന്നെ ആവശ്യകമാണു്.

വായനക്കാരോട്. ഗ്രാമങ്ങളിലേ മിഷനറിമാരുടെ ഗണത്തിൽ കേരളീയ കത്തോലിക്കരുടെ സന്താനങ്ങളിൽ പലരേയും കാണുവാൻ കഴിയും. യൂറോപ്യരും അമേരിക്കരുമായ മിഷനറിമാരോടൊപ്പം ഇവരും മിഷൻവേലയ്ക്കു പറ്റിയവരാണെന്നു കുറഞ്ഞൊരുകാലംകൊണ്ടു് വിശദമായിക്കഴിഞ്ഞിരിക്കുന്നു. ഈ വാസ്തവത്തിനു പലമിഷനിലേയും അധികാരികൾ സാക്ഷ്യം വഹിക്കുന്നു നാട്ടുഭാഷകൾ പഠിക്കുക, സംസാരിക്കുക, നാട്ടുകാരുമായിഇടപെടുക എന്നീ വിഷയങ്ങളിൽ വിദേശ മിഷനറിമാർക്കുള്ളതിൽ കൂടുതൽ എളുപ്പവും കേരളീയ മിഷനറിമാർക്കാണു്. യുദ്ധം മൂലം വിദേശമിഷനറിമാരുടെ സംഖ്യ സാരമായി കുറഞ്ഞിട്ടുണ്ടു്. കേരളീയ മിഷനറിമാരുടെസംഖ്യ വർദ്ധിച്ചാൽ മാത്രമെ ഈ പോരായ്മ പരിഹരിക്കപ്പെടുകയുള്ളു. മിഷനിലേയ്ക്കു ആളുകളെ അയച്ചാൽ മാത്രം പോരാ. ആളുകൾ ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ആവശ്യകമായ സഹായസഹകരണങ്ങളും ചെയ്യേണ്ടതുണ്ടു്. മുന്നണിയിൽ നിന്നു ക്രിസ്തുരാജ്യത്തിനുവേണ്ടി പോരാടുന്ന മിഷനറിക്കു പിൻസഹായമില്ലാതെവന്നാൽ യുദ്ധം നടക്കുന്നതെങ്ങനെ? പിന്നണിയിൽ നില്ക്കുന്ന സഹോദരരെ, നിങ്ങളും മിഷനറിമാർതന്നെ. മിഷനർത്രപി കത്തോലിക്കാതിരുസ്സഭയുടെയും ഓരോ കത്തോലിക്കന്റെയും അർത്രപിയത്രെ. ഈ അർത്രപി, മുന്നണിയിൽ നിന്നു പോരാടുന്നതിനു് ഗ്രാമങ്ങളിലേ നിങ്ങളുടെ മിഷനറിസഹോദരങ്ങളെ പ്രേരിപ്പിക്കുന്നു. ഈ അർത്രപിതന്നെ പിൻസഹായംചെയ്യുന്നതിനു നിങ്ങളേയും പ്രേരിപ്പിക്കട്ടെ. ഏകമനസ്സോടും ഉജ്ജ്വലതീക്ഷ്ണതയോടുംകൂടി നാം പ്രവർത്തിച്ചു് അതിവേഗം ക്രിസ്തുരാജ്യം ഇൻഡ്യയിലെങ്ങും സ്ഥാപിതമാകുന്നതിനും ഈഅർത്രപിതന്നെ കാരണമാക്കട്ടെ. ഇരുപതുനൂറ്റാണ്ടു കാലത്തോളം നിലനില്ക്കുന്ന നമ്മുടെ സത്യവിശ്വാസം ഇൻഡ്യയിലെ നാല്പതു കോടി ജനങ്ങളുടെയും ഏക വിശ്വാസമായിത്തീരട്ടെ.

L. D. V. M.

ആഗ്രഹമു

DC Archives
00051250
LR K95

ഭാരതമിഷനിലെ സ്ഥിതിഗതികളും
ചിത്രത്തിലെ
കേരളീയ മിഷനറിമാരുടെ മഹനീയ
പ്രവർത്തനങ്ങളെ മനസ്സിലാക്കുവാൻ

രണ്ടുത്തമഗ്രന്ഥങ്ങൾ.

1. പ്രേഷിതതാരം 12അണ.

ഗ്രന്ഥകർത്താ: റവ. എസ്സ്. ജെ. കുഴപ്പിൽ.

"ഫാദർ ഫിലിപ്പ് കടക്കലിന്റെയുടെ സരളമായ ഈ ജീവചരിത്രം കേരളീയരുടെ പ്രേഷിതാഭിരുചിയെ ഒന്നുകൂടി തട്ടിയുണർത്തുന്നതിനു പോരുന്നതാണ്. ജീവചരിത്രങ്ങൾ പലതും മലയാളഭാഷയിൽ പ്രസിദ്ധീകൃതങ്ങളായിട്ടുണ്ടെങ്കിലും, ഭാരതമിഷൻരംഗത്തു് ആത്മാർപ്പണംചെയ്ത ഒരു കേരളീയ മിഷനറിയുടെ, ആടക്കളത്തൂരച്ചനെ നിപതിച്ച മിശിഹായുടെ ഒരുത്തമ യോദ്ധാവിന്റെ, ജീവചരിത്രം ഇതുവരെ കൈരളിക്കു കൈവന്നിട്ടില്ല. ഇതുതന്നെ ഈ ഗ്രന്ഥത്തിന്റെ ഒരു പ്രത്യേകതയാണ്. ഇന്നു ഭാരതമിഷൻരംഗങ്ങളിൽ വേലചെയ്യുന്ന മിഷനറിമാരുടെ വിഷമതകളും, ആശ്വാസങ്ങളും, അവരുടെ വിജയത്തിന്റെ നിദാനകാരണങ്ങളും, വിശിഷ്യാ, ഒരു മിഷനറിക്കു് ആവശ്യമായ പ്രത്യേക ഗുണങ്ങളും ഇവയുടെ ഒരു സംക്ഷിപ്തരൂപം വായനക്കാർക്കുലഭിക്കുന്നതാണ്."

അവതാരകൻ: ഫാദർ ഇഗ്നേഷ്യസ്
വെള്ളരിങ്ങാട്ട്, S. J; B. A.

2. ഇൻഡ്യൻ മിഷനറി. 4അണ.

ഗ്രന്ഥകർത്താ: ഫാദർ ഫിലിപ്പ് കടക്കലിറ.

ആവശ്യപ്പെടേണ്ടതു മേൽവിലാസം.

എസ്സ്. എച്ച്. ലീഗ്
മംഗലപ്പുഴ സെമിനാരി,
ആലുവാ.